# ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുള്ള കൈപ്പുസ്തകം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,
കേരളം
2015

# ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുള്ള കൈപ്പുസ്തകം

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,**
**കേരളം**

ഇലക്ടറൽ രജിസ്ട്രേഷൻ
ഓഫീസർമാർക്കുള്ള കൈപുസ്തകം

പ്രസിദ്ധീകരിക്കുന്നത്
**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**
കോർപ്പറേഷൻ മന്ദിരം, എൽ.എം.എസ് ജംഗ്ഷൻ
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 695033

കോപ്പികൾ - 7000
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, 2015

# ആമുഖം

തിരഞ്ഞെടുപ്പിന്റെ നിഷ്പക്ഷതയും നീതിയുക്തതയും പ്രധാനമായും വോട്ടർ പട്ടികയുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നു. വോട്ടർപട്ടിക തയ്യാറാക്കലും, പുതുക്കലും സംബന്ധിച്ച് 1994 -ലെ കേരള പഞ്ചായത്ത്‌രാജ് ആക്ടിലെ 16 മുതൽ 28 വരെ വകുപ്പുകളിലും, 1994 -ലെ കേരള പഞ്ചായത്ത്‌രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 72 മുതൽ 84 വരെ വകുപ്പുകളിലും, 1994 -ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വോട്ടർപട്ടിക തയ്യാറാക്കലും, പുതുക്കലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ശ്രദ്ധാപൂർവ്വം ചെയ്യേണ്ട കർത്തവ്യമാണ്.

വോട്ടർപട്ടികകൾ തയ്യാറാക്കുകയും, പുതുക്കുകയും ചെയ്യുമ്പോൾ പാലിക്കേണ്ട കർത്തവ്യങ്ങളേയും ചുമതലകളേയും സംബന്ധിച്ചുള്ള നിയമത്തേയും നടപടിക്രമങ്ങളേയും കുറിച്ച് വോട്ടർപട്ടിക തയ്യാറാക്കുന്നതിൽ സുപ്രധാന പങ്കു വഹിക്കുന്ന ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് പൂർണ്ണമായ അറിവുണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടാതെ അവകാശവാദങ്ങളും ആക്ഷേപങ്ങളും തീർപ്പു കൽപ്പിക്കുമ്പോൾ അവർ അർദ്ധ ജുഡീഷ്യൽ അധികാരങ്ങളാണ് നിർവ്വഹിക്കുന്നത്. ഏതെങ്കിലും വോട്ടർപട്ടികയുടെ തയ്യാറാക്കലിലോ, പുതുക്കലിലോ, തിരുത്തലുകളിലോ വ്യാജപ്രസ്താവന നടത്തുന്നതും, വോട്ടർപട്ടിക തയ്യാറാക്കലോ പുതുക്കലോ തിരുത്തലോ അല്ലെങ്കിൽ ഏതെങ്കിലും ഉൾക്കുറിപ്പുകൾ പട്ടികയിൽ ഉൾപ്പെടുത്തുകയോ അതിൽ നിന്ന് വിട്ട് കളയുകയോ ചെയ്യുന്നത് സംബന്ധിച്ച ഏതെങ്കിലും ഔദ്യോഗിക കർത്തവ്യ നിർവ്വഹണത്തിന്റെ ലംഘനം നടത്തുന്നതും ക്രിമിനൽകുറ്റങ്ങൾ ആണ്. ആയതിനാൽ കൃത്യതയുള്ളതും പിഴവുകൾ ഇല്ലാത്തതുമായ വോട്ടർപട്ടിക തയ്യാറാക്കുന്നതിന് ചുമതലയുള്ള ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥർക്ക് അവരുടെ ചുമതലകൾ നിർവ്വഹിക്കാൻ ഈ കൈപ്പുസ്തകം സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം
15.05.2015

**കെ. ശശിധരൻ നായർ**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ,

## ഉള്ളടക്കം

പേജ്


അദ്ധ്യായം 1: പ്രാരംഭം ..... 01

അദ്ധ്യായം 2: വോട്ടർ പട്ടിക തയ്യാറാക്കൽ

(1) വോട്ടർപട്ടികയിലെ രജിസ്ട്രേഷനുള്ള അയോഗ്യതകൾ ..... 05

(2) രജിസ്ട്രേഷനുള്ള ഉപാധികൾ ..... 05

(3) സാധാരണ താമസക്കാരൻ എന്നതിൻെറ അർത്ഥം ..... 06

(4) വോട്ടർപട്ടികയുടെ രൂപം ..... 07

(5) വോട്ടർ പട്ടികയുടെ ഭാഷ ..... 09

(6) വോട്ടർപട്ടിക ഭാഗങ്ങളായി തിരിക്കൽ ..... 10

(7) പേരുകളും അവയുടെ വിന്യാസവും ..... 10

അദ്ധ്യായം 3: വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തൽ

(1) പുതുക്കൽ പരിപാടിക്ക് പരസ്യം ..... 12

(2) അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് കോപ്പികൾ സൗജന്യമായി നൽകൽ ..... 13

അദ്ധ്യായം 4: അവകാശവാദങ്ങളും ആക്ഷേപങ്ങളും

(1) അവകാശവാദങ്ങളും ആക്ഷേപങ്ങളും അയയ്ക്കുന്നതിനുള്ള ഫാറം ..... 14

(2) അവകാശവാദങ്ങളും ആക്ഷേപങ്ങളും തീർപ്പാക്കുന്നതിനുള്ള നടപടിക്രമം ..... 18

(3) അനവധാനതകൊണ്ടോ തെറ്റുകാരണമോ വിട്ടുപോയ പേരുകൾ ചേർക്കുന്നതിനുള്ള നടപടിക്രമം ..... 19

അദ്ധ്യായം 5: വോട്ടർപട്ടികകൾ അന്തിമമായി പ്രസിദ്ധീകരിക്കൽ ..... 21

(1) ഭേദഗതികളുടെ അന്തിമ ലിസ്റ്റുകൾ തയ്യാറാക്കലും വോട്ടർ പട്ടികയുടെ പ്രസിദ്ധീകരണവും ..... 21

(2) അന്തിമ ഭേദഗതി ലിസ്റ്റുകൾ അച്ചടിക്കൽ ..... 22

(3) വോട്ടർ പട്ടികയുടെ എത്ര കോപ്പികൾ അച്ചടിക്കണമെന്ന ..... 22

അദ്ധ്യായം 6: ഉൾക്കുറിപ്പുകൾ സ്ഥാനംമാറ്റലും, ഒഴിവാക്കലും,
തിരുത്തലും വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തലും ........ 25
അദ്ധ്യായം 7: അതിർത്തി പുനർനിർണ്ണയത്തിൻമേൽ പുതിയ
വോട്ടർ പട്ടിക ........ 29
അദ്ധ്യായം 8: അപ്പീലുകൾ
(1) അപ്പലേറ്റ് അധികാരി ........ 30
(2) ഉത്തരവിൻമേലുള്ള അപ്പീൽ ........ 31
അദ്ധ്യായം 9: വോട്ടർ പട്ടികകളുടെയും ബന്ധപ്പെട്ട കടലാസ്സുകളുടെയും
സൂക്ഷിപ്പും സംരക്ഷണവും ........ 33
(1) പോളിംഗ് ടീമിനു നൽകുന്ന വോട്ടർപട്ടികകളുടെ
അടയാളമിട്ട കോപ്പികൾ ........ 34
അദ്ധ്യായം 10: ഓൺലൈൻ അപേക്ഷകൾ ........ 36
അനുബന്ധം :
1 പഞ്ചായത്ത് തിരഞ്ഞെടുപ്പ് ........ 42
2 മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് ........ 44
3. നോട്ടീസ് ........ 46
4. അപ്പീൽ ഫീസ് ........ 47
5. പഞ്ചായത്ത് തിരഞ്ഞെടുപ്പ് ഫാറങ്ങൾ (3,4,5,6,7) ........ 48
6. മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് ഫാറങ്ങൾ (3,4,5,6,7) ........ 55

## അദ്ധ്യായം 1

# പ്രാരംഭം

സംസ്ഥാനത്തെ ഗ്രാമ, ബ്ലോക്ക്, ജില്ലാതല പഞ്ചായത്തുകൾ, മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിലേയ്ക്കുള്ള എല്ലാ തിരഞ്ഞെടുപ്പുകൾക്കുമാവശ്യമായ വോട്ടർപട്ടിക തയ്യാറാക്കുന്നതിന്റെ മേൽനോട്ടം, മാർഗനിർദ്ദേശം നിയന്ത്രണം എന്നിവ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുമെന്ന് ഇൻഡ്യൻ ഭരണഘടനയുടെ 243 കെ, 243 ഇസഡ് എ. എന്നീ അനുച്ഛേദങ്ങൾ വ്യവസ്ഥ ചെയ്യുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 254-ാം വകുപ്പുപ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 565-ാം വകുപ്പുപ്രകാരവും വോട്ടർപട്ടിക തയ്യാറാക്കുന്നതും പുതുക്കുന്നതും സംബന്ധിച്ച് 1994-ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 16 മുതൽ 28 വരെ വകുപ്പുകളും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 72 മുതൽ 84 എ വകുപ്പുവരെയും, 1994-ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, 1994- കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവയിൽ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർമാർ വോട്ടർപട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള അവരുടെ ചുമതലകളും കർത്തവ്യങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരുമായി കൂടി ആലോചിച്ച് ഇതിലേയ്ക്കായി ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറന്മാരായി സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ളത് പഞ്ചായത്ത് / മുനിസിപ്പാലിറ്റി തലത്തിൽ ബന്ധപ്പെട്ട സെക്രട്ടറിമാരെയും മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ അഡീഷണൽ സെക്രട്ടറിയെയുമാണ്. കൂടാതെ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ ചില ഉദ്യോഗസ്ഥരെ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാരായും സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിനു വിധേയമായി ഏതൊരു തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ അസിസ്റ്റന്റ് ഉദ്യോഗസ്ഥനും തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ എല്ലാ ചുമതലകളുമോ അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കുവാൻ കഴിയുന്നതാണ്.

3. വോട്ടർപട്ടിക ഒരു തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാന രേഖയാണ്. അതുകൊണ്ടുതന്നെ വോട്ടർപട്ടിക തയ്യാറാക്കൽ, പുതുക്കൽ തുടങ്ങിയവ വളരെ പ്രാധാന്യമർഹിക്കുന്നു. ഒരു നിയോജകമണ്ഡലത്തിന്/വാർഡിന് എപ്പോഴും ഒരു വോട്ടർ പട്ടിക നിലവിലുണ്ടായിരിക്കുന്നതാണ്. ഒരു വ്യക്തിയ്ക്ക് എപ്പോൾ വേണമെങ്കിലും അതിൽ പേര് ചേർക്കാനോ, പട്ടികയിൽ നിന്ന് പേര് നീക്കം ചെയ്യാനോ സാധിക്കും. കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 23, 24 എന്നീ വകുപ്പുകളിലും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 79,80 എന്നീ വകുപ്പുകളിലും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഒരു നിയോജക മണ്ഡലത്തിലെ/വാർഡിലെ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസത്തിനു ശേഷവും ആ തിരഞ്ഞെടുപ്പിന്റെ പൂർത്തീകരണത്തിനു മുൻപും വരുന്ന കാലയളവിൽ ഇപ്രകാരം വോട്ടർപട്ടികയിൽ പേരു ചേർക്കാനോ മാറ്റം വരുത്താനോ പാടില്ലെന്ന് കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 24 (3)-ാം വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 80 (3)-ാം വകുപ്പിലും നിഷ്കർഷിച്ചിട്ടുണ്ട്.

4. വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള ഒരാൾക്ക് മാത്രമേ സമ്മതിദാന അവകാശം ഉപയോഗിക്കുവാനും തിരഞ്ഞെടുപ്പിൽ മത്സരിക്കുവാനും കഴിയൂ. ആയതിനാൽ അർഹതയുള്ള എല്ലാ ആളുകളുടേയും പേരുകൾ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ അനർഹരായവരുടെ പേരുകൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ ഒരു വോട്ടർപട്ടിക തയ്യാറാക്കേണ്ടത് തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർമാരുടെ അനിവാര്യചുമതലയാണ്. വോട്ടർമാരുടെ സാധാരണ താമസസ്ഥലത്തെ മാറ്റങ്ങൾ, മരണം എന്നിവയനുസരിച്ച് വോട്ടർപട്ടികയിൽ കാലോചിതമായ ഭേദഗതികൾ വരുത്തി ഏതൊരു സമയത്തും വോട്ടർ പട്ടിക പൂർണ്ണമായിരിക്കണം.



4. ഓരോ തിരഞ്ഞെടുപ്പിനും മുന്നോടിയായി അല്ലെങ്കിൽ ഏതെങ്കിലും ഉപതിരഞ്ഞെടുപ്പിനുമുമ്പായും അതത് നിയോജകമണ്ഡലത്തിലെ വോട്ടർപട്ടിക ആ വർഷം ജനുവരി ഒന്ന് യോഗ്യതാ നിർണ്ണയ തീയതിയായി പരിഗണിച്ചുകൊണ്ട്, യോഗ്യത കണക്കാക്കുന്ന തീയതിക്കനുസൃതമായി, താഴെപ്പറയുന്ന സമയവിവരപട്ടിക പ്രകാരം വോട്ടർപട്ടിക പുതുക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകുന്നതാണ്.

1. സമ്മതിദായക പട്ടികയുടെ കരട് പ്രസിദ്ധീകരിക്കേണ്ട തീയതി.
2. അവകാശവാദമോ/ആക്ഷേപമോ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം.
3. അവകാശവാദങ്ങളിലും ആക്ഷേപങ്ങളിലും തീർപ്പ് കല്പിക്കുവാനുള്ള അവസാന ദിവസം.
4. അന്തിമ സമ്മതിദായക പട്ടിക പ്രസിദ്ധീകരിക്കേണ്ട തീയതി

5. അർഹരായ എല്ലാവരേയും പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നാൽ അനർഹരായവരെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതുമാണ്. ഇക്കാര്യത്തിൽ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടത് ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥരിൽ പ്രത്യേകമായി നിക്ഷിപ്തമാക്കപ്പെട്ട കർത്തവ്യവും ചുമതലയുമാണ്. വോട്ടർപട്ടിക തയ്യാറാക്കൽ, പുതുക്കൽ, ഉൾക്കുറിപ്പുകൾ തിരുത്തൽ, ഉൾക്കുറിപ്പുകൾ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തൽ, അവ നീക്കം ചെയ്യൽ എന്നിവ സംബന്ധിച്ച് ഏതെങ്കിലും ഔദ്യോഗിക കർത്തവ്യത്തിന്റെ ലംഘനത്തിനോ അല്ലെങ്കിൽ കർത്തവ്യത്തിന്റെ ലംഘനമായ ഏതെങ്കിലും കൃത്യത്തിനോ കൃത്യവിലോപത്തിനോ പ്രസ്തുത ഉദ്യോഗസ്ഥനെ ആയിരം രൂപയിൽ കുറയാതെയുള്ള പിഴ ശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 28-ാം വകുപ്പിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 84 എ വകുപ്പിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## അദ്ധ്യായം 2

## വോട്ടർ പട്ടിക തയ്യാറാക്കൽ

ഒരു ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ ഓരോ നിയോജക മണ്ഡലത്തിനും/വാർഡിനും ഒരു വോട്ടർപട്ടിക ഉണ്ടായിരിക്കുന്നതാണ്. ബ്ലോക്ക്, ജില്ലാപഞ്ചായത്ത്, നിയോജകമണ്ഡലങ്ങളിലേയ്ക്ക് പ്രത്യേക വോട്ടർപട്ടിക ഇല്ല. എന്നാൽ അതത് ബ്ളോക്ക് പഞ്ചായത്തിലെയോ ജില്ലാ പഞ്ചായത്തിലെയോ നിയോജക മണ്ഡലങ്ങൾക്കകത്തുവരുന്ന ഗ്രാമപഞ്ചായത്തുകളിലെ വോട്ടർപട്ടികയിൽ അതുണ്ടായിരിക്കുന്നതാണ്. ഏതു വർഷമാണോ വോട്ടർപട്ടിക തയ്യാറാക്കുകയോ പുതുക്കുകയോ ചെയ്യുന്നത് ആ വർഷം ജനുവരി 1-ാം തീയതി യോഗ്യതാ നിർണയ തീയതിയായി പരിഗണിച്ച് വോട്ടർ പട്ടിക തയ്യാറാക്കുകയോ പുതുക്കുകയോ ചെയ്യേണ്ടതാണ്. 1994 -ലെ കേരളാപഞ്ചായത്ത് രാജ് ആക്ടിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകൾക്കും അവയ്ക്കു കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള 1994-ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾക്കും അനുസൃതമായും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടത്തിലും മാർഗനിർദ്ദേശത്തിലും നിയന്ത്രണത്തിലും ഓരോ നിയോജകമണ്ഡലത്തിനും/വാർഡിനും വോട്ടർപട്ടിക തയ്യാറാക്കേണ്ടതാണ്.



### വോട്ടർപട്ടികയിലെ രജിസ്ട്രേഷനുള്ള അയോഗ്യതകൾ;

2. ഒരാൾക്ക് ഒരു വോട്ടർ പട്ടികയിൽ രജിസ്ട്രേഷൻ ലഭിക്കാൻ, അയാൾ-

(എ) ഭാരത പൗരൻ അല്ലെങ്കിലോ; അല്ലെങ്കിൽ

(ബി) അയാൾ സ്ഥിരബുദ്ധിയില്ലാത്ത ആളായിരിക്കുകയും അങ്ങനെയുള്ളവനാണെന്ന് ക്ഷമതയുള്ള ഒരു കോടതിയാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നവനും ആണെങ്കിലോ; അല്ലെങ്കിൽ

(സി) തിരഞ്ഞെടുപ്പുകളോടനുബന്ധിച്ചുള്ള അഴിമതി പ്രവൃത്തികളും മറ്റ് കുറ്റകൃത്യങ്ങളും സംബന്ധിച്ച് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വോട്ടുരേഖപ്പെടുത്തുന്നതിൽ നിന്നും തൽസമയം അയോഗ്യനാക്കപ്പെട്ടിരിക്കുന്നു എങ്കിലോ ;

അയോഗ്യനായിരിക്കുന്നതാണ്.

രജിസ്ട്രേഷനുശേഷം, അങ്ങനെ അയോഗ്യനായിത്തീരുന്ന ഏതെങ്കിലും ആളിന്റെ പേര് അത് ഉൾപ്പെട്ടിട്ടുള്ള വോട്ടർ പട്ടികയിൽനിന്നും ഉടനടി വെട്ടിക്കളയേണ്ടതാണ്. എന്നാൽ (സി) ഖണ്ഡത്തിൻ കീഴിലെ അയോഗ്യത കാരണം വോട്ടർ പട്ടികയിൽ നിന്നും വെട്ടിക്കളയപ്പെടുന്ന ഏതെങ്കിലും ആളുടെ പേര് അയോഗ്യത നീക്കം ചെയ്യുവാൻ അധികാരപ്പെടുത്തുന്ന ഏതെങ്കിലും നിയമത്തിൻ കീഴിൽ, അങ്ങനെയുള്ള പട്ടിക പ്രാബല്യമുള്ള കാലത്ത്, അയോഗ്യത നീക്കം ചെയ്യപ്പെടുന്നുവെങ്കിൽ ഉടനടി ആ പട്ടികയിൽ തിരികെ ചേർക്കേണ്ടതാണ്.

3. ഒരു വ്യക്തിയുടെ പൗരത്വത്തെപ്പറ്റി എന്തെങ്കിലും പ്രശ്നം ഉദിക്കുന്ന പക്ഷം അത് കേന്ദ്ര സർക്കാരിന് റഫർ ചെയ്യേണ്ടതാണ്. കേന്ദ്രസർക്കാരിൻെറ തീരുമാനമാകാതെ അന്തിമ തീരുമാനത്തിന് ഈ കാര്യത്തിൽ തീർപ്പ് കല്പിച്ചു കൂടാത്തതാണ്.

### രജിസ്ട്രേഷനുള്ള ഉപാധികൾ

4. മുൻപറഞ്ഞ വ്യവസ്ഥകൾക്കു വിധേയമായി

(എ) യോഗ്യത കണക്കാക്കുന്ന തീയതിയിൽ പതിനെട്ട് വയസ്സിൽ കുറയാതിരിക്കുകയും;

(ബി) ഒരു നിയോജകമണ്ഡലത്തിലെ സാധാരണ താമസക്കാരനായിരിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും ആ നിയോജകമണ്ഡലത്തിലേക്കുള്ള വോട്ടർ

പട്ടികയിൽ രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ യാതൊരാളും ഒന്നിലധികം നിയോജകമണ്ഡലങ്ങളിലോ അല്ലെങ്കിൽ വാർഡുകളിലോ അല്ലെങ്കിൽ രണ്ടിലുമോ രജിസ്റ്റർ ചെയ്യാൻ പാടില്ലാത്തതും ഏതെങ്കിലും നിയോജകമണ്ഡലത്തിലോ വാർഡിലോ ഒന്നിലധികം തവണ രജിസ്റ്റർ ചെയ്യപ്പെടാനോ പാടില്ലാത്തതുമാണ്.

## സാധാരണ താമസക്കാരൻ എന്നതിന്റെ അർത്ഥം

5. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 21-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 77-ാം വകുപ്പിലും ഇക്കാര്യത്തിൽ വിശദമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരാൾക്ക് ഒരു നിയോജകമണ്ഡലത്തിൽ/ വാർഡിൽ ഒരു വാസസ്ഥല ത്തിന്റെ ഉടമാവസ്ഥാവകാശമോ കൈവശാവകാശമോ ഉണ്ടെന്നുള്ള കാരണത്തിന്മേൽ മാത്രം അയാൾ ആ നിയോജകമണ്ഡലത്തിലെ/ വാർഡിലെ സാധാരണ താമസക്കാരനായി കരുതപ്പെടുന്നതല്ല.

6. ഒരാൾ, ഏത് സ്ഥലമാണോ സ്ഥിരമായി ഉറങ്ങാൻ ഉപയോഗിക്കുന്നത്, അയാളെ ആ സ്ഥലത്തെ ഒരു സാധാരണ താമസക്കാരൻ എന്നു പറയാം. അയാൾ ആ സ്ഥലത്ത് നിന്ന് ഭക്ഷണം കഴിക്കണമെന്നില്ല. അയാൾ പുറത്ത് നിന്നാകാം ഭക്ഷണം കഴിക്കുന്നത്. സാധാരണ താമസസ്ഥലത്തുനിന്നുള്ള ഈ താത്ക്കാലിക അസാന്നിദ്ധ്യം അവഗണി ക്കാവുന്നതാണ്. ഏതെങ്കിലും ഒരു പ്രത്യേക കാലയളവിലേയ്ക്ക് തുടർച്ചയായി താമസിക്കണമെന്നോ, ഇടയ്ക്ക് ഒരു ഭംഗവും ഉണ്ടാകാൻ പാടില്ലെന്നോ നിർബന്ധമില്ല. ഔദ്യോഗികകാരണമായോ അല്ലെങ്കിൽ വിനോദത്തിനു വേണ്ടിയോയുള്ള താത്കാലിക അസാന്നിദ്ധ്യം സാധാരണ താമസക്കാരൻ എന്ന സങ്കൽപ്പത്തിന് തടസമുണ്ടാക്കുന്നതായി കണക്കാക്കേണ്ടതില്ല. ഒരു പ്രത്യേക സ്ഥലത്ത് ഒരാൾ സാധാരണ താമസക്കാരനാണോ അല്ലയോ എന്നുള്ളത് ഒരു വസ്തുതാപരമായ പ്രശ്നമാണ്. തിരിച്ചുവരാനുള്ള കഴിവും തിരിച്ചുവരാനുള്ള ഉദ്ദേശ്യവുമുണ്ടെങ്കിൽ, ഹ്രസ്വകാല ത്തേക്കുള്ള അസാന്നിദ്ധ്യം സാധാരണ താമസക്കാരൻ എന്ന യോഗ്യത ഇല്ലാതാക്കുന്നില്ല. രാജ്യത്തിനുപുറത്ത് ബിസിനസ് ആവശ്യത്തിനോ ഉദ്യോഗത്തിനോ പോയിട്ടുള്ള ആളുകളെ ആ സ്ഥലത്തു നിന്ന് പോയതായി കണക്കാക്കണം. നേരെമറിച്ച്, ഷെഡുകളിലോ, വീടുകളില്ലാതെ നിരത്തുകളിലോ താമസിക്കുന്നവർ പോലും, അവർ ഒരു പ്രത്യേക പ്രദേശത്ത് ഷെഡുകളിലോ നിരത്തു കളിലോ സാധാരണ താമസക്കാരാണെങ്കിൽ, അല്ലെങ്കിൽ വാസസ്ഥലം മാറ്റുന്നില്ലെങ്കിൽ, അല്ലെങ്കിൽ മറ്റുതരത്തിൽ തിരിച്ചറിയാൻ സാധിക്കുമെങ്കിൽ, വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അർഹരാണ്.



7. പാർലമെൻറ്, സംസ്ഥാന നിയമസഭ, വിവിധതലത്തിലുള്ള പഞ്ചായത്തുകൾ, മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർറേഷനുകൾ എന്നിവയിലെ അംഗങ്ങൾ, അംഗമെന്ന നിലയിലുള്ള അവരുടെ ചുമതലകൾ കാരണം അവരുടെ സാധാരണ താമസ സ്ഥലത്തില്ലെങ്കിൽകൂടി, അവരുടെ സ്വന്തം നിയോജകമണ്ഡലങ്ങളിൽ/വാർഡുകളിൽ രജിസ്റ്റർ ചെയ്യപ്പെടാൻ അവകാശം ഉണ്ടായിരിക്കും. ജയിലുകൾ, ആശുപത്രികൾ, അഭയ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികളെ, അവർ ആ സ്ഥാപനങ്ങളിൽ താത്കാലിക കാലത്തേക്കുമാത്രം താമസിക്കുന്നവരാകയാൽ, അങ്ങനെയുള്ള സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലത്തിലെ, വാർഡിലെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ കുഷ്ഠരോഗ നിവാരണ കേന്ദ്രങ്ങൾ, ചികിൽസാലയങ്ങൾ എന്നിവിടങ്ങളിൽ ദീർഘകാല ചികിൽസയിൽ കഴിയുന്ന അർഹതയുള്ള രോഗികളെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. അതു പോലെ അഗതിമന്ദിരങ്ങൾ, വൃദ്ധ സദനങ്ങൾ, ആശ്രമ ങ്ങൾ, കോൺവെൻറുകൾ, പുരോഹിതർ താമസിക്കുന്ന മഠങ്ങൾ എന്നിവിടങ്ങളിലെ താത്കാലികമായുള്ള അന്തേവാസികളല്ലാത്തവരെല്ലാം, പ്രത്യേകിച്ചും സ്വന്തം വീടുമായി ബന്ധംവിട്ട് സന്യാസം സ്വീകരിച്ചു കഴിയുന്നവർ, വോട്ടർ പട്ടികയിൽ ഉൾപ്പെടാൻ അർഹരാണ്.

8. സാധാരണയായി ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികളെ അവിടുത്തെ വോട്ടർ ആയി രജിസ്റ്റർ ചെയ്യാൻ അനുവദിക്കേണ്ടതില്ല. ഏതെങ്കിലും കാരണത്താൽ അവരെ വോട്ടർ ആയി രജിസ്റ്റർ ചെയ്യുന്നുവെങ്കിൽ അവർ സ്ഥിരമായി താമസിക്കുന്ന സ്ഥലത്തെ വോട്ടർപട്ടികയിൽ നിന്നും അവരുടെ പേര് നീക്കം ചെയ്തു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

9. ഏതെങ്കിലും സംഗതിയിൽ ഒരാൾ ഏതെങ്കിലും പ്രസക്ത സമയത്ത് ഒരു സ്ഥലത്ത് സാധാരണ താമസക്കാരനാണോ എന്ന ഒരു പ്രശ്നം ഉദിക്കുന്ന പക്ഷം പ്രശ്നം തീരുമാന ത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റഫർ ചെയ്യേണ്ടതും സംഗതിയുടെ എല്ലാ വസ്തുതകളും പരിഗണിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആ പ്രശ്നത്തിൽ തീർപ്പുകല്പിക്കുന്നതുമാണ്.

## വോട്ടർ പട്ടികയുടെ രൂപം

10. 2015-ലെ ത്രിതല പഞ്ചായത്തുകളിലേയ്ക്കും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിലേയ്ക്കും നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന് വോട്ടർമാരുടെ ഫോട്ടോ പതിച്ച വോട്ടർപട്ടിക ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ചട്ടങ്ങളിലെ നിലവിലുള്ള 1-ാം ഫാറത്തിൽ വോട്ടർപട്ടിക തയ്യാറാക്കാൻ പ്രായോഗികമായി കഴിയാത്ത തിനാൽ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ കേരള

മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ എന്നിവയിലെ ചട്ടം 3 അനുസരിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിലുള്ള 1-ാം നമ്പർ ഫാറത്തിനു പകരമായി മറ്റൊരു പുതിയ ഫാറം (ഫാറം 1) -ലാണ് 2015-ലെ പൊതുതിരഞ്ഞെടുപ്പിന് ഫോട്ടോ പതിച്ച വോട്ടർപട്ടിക തയ്യാറാക്കേണ്ടതെന്ന് നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. അപ്രകാരം നിശ്ചയിക്കപ്പെട്ട ഫാറത്തിന്റെ മാതൃക പഞ്ചായത്തുകളുടെ കാര്യത്തിൽ അനുബന്ധം 1 ആയും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ കാര്യത്തിൽ അനുബന്ധം 2 ആയും ചേർത്തിട്ടുണ്ട്.

11. പുതുക്കിയ ഫാറം 1-ൽ പഞ്ചായത്തിന്റെ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെ നമ്പരും പേരും നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ നമ്പരും പേരും, ഭാഗം നമ്പരും ഉണ്ടായിരിക്കേണ്ടതാണ്. ഒരു നിയോജകമണ്ഡലം/വാർഡിന് 2 ഭാഗങ്ങൾ ഉണ്ടെങ്കിൽ ഭാഗം നമ്പരിന്റെ സ്ഥാനത്ത് ഒന്നാം ഭാഗത്തിന് 1/2 എന്നും രണ്ടാം ഭാഗത്തിന് 2/2 എന്നിങ്ങനെയും ഒരു ഭാഗം മാത്രമേയുള്ളൂവെങ്കിൽ 1/1 എന്നും എഴുതേണ്ടതാണെന്ന് പ്രത്യേകം ശ്രദ്ധിക്കണം. വോട്ടർപട്ടികയ്ക്ക് വിവരങ്ങൾ എഴുതുവാനുള്ള ആദ്യഭാഗം 1-ാം പേജായും വോട്ടർമാരുടെ ഫോട്ടോ പതിച്ചുള്ള ഭാഗം തുടർന്നുള്ള പേജുകളായും വേണം ക്രമീകരിക്കുവാൻ. അതിന് തുടർച്ചയായി കൂട്ടിച്ചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ എന്നിവ ഒന്നിനുശേഷം മറ്റൊന്ന് എന്ന ക്രമത്തിലായിരിക്കണം വോട്ടർപട്ടികയിലെ പേജുകൾ ക്രമീകരിക്കേണ്ടത്. കൂട്ടിച്ചേർത്ത പേജുകളുടെ ക്രമനമ്പർ പ്രധാന പട്ടികയിലെ ക്രമനമ്പരിന് തുടർച്ചയായി വേണം അച്ചടിക്കുവാൻ. അതായത് പ്രധാന പട്ടികയിലെ അവസാനത്തെ വോട്ടറുടെ ക്രമനമ്പർ 275 ആണെങ്കിൽ കൂട്ടിച്ചേർത്ത ക്രമനമ്പർ 276 ആയിരിക്കേണ്ടതാണ്.

12. നിലവിലുള്ള വോട്ടർപട്ടിക പുതുക്കുന്ന അവസരത്തിൽ പ്രധാന പട്ടികയുമായി സപ്ലിമെന്റുകൾ സംയോജിപ്പിക്കുമ്പോൾ താഴെപ്പറയുന്ന നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

(എ) നിലവിലുള്ള വോട്ടർ പട്ടികകൾ (അടിസ്ഥാന വോട്ടർപട്ടികയും അവയുടെ സപ്ലിമെന്റുകളും) ഒരു ഏകീകൃതപട്ടികയായി സംയോജിപ്പിക്കേണ്ടതാണ്.

(ബി) വോട്ടർ പട്ടികയിലെ പ്രസക്തഭാഗങ്ങളിൽ ഒഴിവാക്കലും കൂട്ടിച്ചേർക്കലും തിരുത്തലും നടത്തിക്കൊണ്ടുള്ള എല്ലാ സപ്ലിമെന്റുകളും വീട്ട് നമ്പർ ക്രമത്തിലായിരിക്കണം തയ്യാറാക്കേണ്ടത്.



(സി) അടിസ്ഥാനരേഖയായി സ്വീകരിച്ചിട്ടുള്ള വോട്ടർപട്ടികയിലെ കൂട്ടിച്ചേർക്കലുകൾ വീട്ട്നമ്പർ ക്രമത്തിൽ പുന:ക്രമീകരിച്ച് ഏകീകൃത പട്ടികയായി മാറ്റേണ്ടതും സമ്മതിദായകരുടെ വയസ് സംബന്ധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും അടിസ്ഥാന രേഖയായി സ്വീകരിച്ച് വോട്ടർപട്ടികയിലെ ഒഴിവാക്കലുകൾ കരട് വോട്ടർപട്ടിയിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതുമല്ല.

(ഡി) അടിസ്ഥാനരേഖയായി സ്വീകരിച്ചിട്ടുള്ള വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം മരണപ്പെട്ടവരുടെ പേര് വിവരം ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം അപ്രകാരമുള്ള പേര് വിവരവും മറ്റ് വിശദാംശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പ്രസിദ്ധപ്പെടുത്തി 7 ദിവസത്തിനകം ഇക്കാര്യം സംബന്ധിച്ച എന്തെങ്കിലും ആക്ഷേപമോ അറിയിപ്പോ ലഭിക്കാത്തപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ മരണപ്പെട്ട ആളുടെ പേര് വിവരം നിലവിലുള്ള വോട്ടർപട്ടികയിൽ നിന്നും സ്വമേധയാ നീക്കം ചെയ്തിട്ടു വേണം വോട്ടർപട്ടിക പ്രസിദ്ധീകരിക്കേണ്ടത്.

(ഇ) മുകളിൽപ്പറഞ്ഞ നടപടിക്രമങ്ങൾ, നിയമസഭാ നിയോജക മണ്ഡലങ്ങളിൽ തത്സമയം പ്രാബല്യത്തിലുള്ള വോട്ടർപട്ടികകൾ, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 146-ാം വകുപ്പോ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 83-ാം വകുപ്പോ പ്രകാരം സ്വീകരിച്ചുകൊണ്ട് ആദ്യമായി തയ്യാറാക്കുന്ന വോട്ടർപട്ടിക ഒഴികെയുള്ള മറ്റെല്ലാ പുതുക്കലുകൾക്കും ഉപതിരഞ്ഞെടുപ്പിന് വേണ്ടിയുള്ള വോട്ടർപട്ടിക തയ്യാറാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കും ബാധകമാണ്.

## വോട്ടർ പട്ടികകളുടെ ഭാഷ

വോട്ടർ പട്ടിക മലയാളത്തിലാണ് തയ്യാറാക്കേണ്ടത്. എന്നാൽ ഭാഷാ ന്യൂനപക്ഷ ജില്ലകളിലെ ഏതെങ്കിലും നിയോജകമണ്ഡലത്തിൽ 20 ശതമാനത്തിലധികം ആളുകൾ മറ്റേതെങ്കിലും പ്രാദേശിക ഭാഷ (തമിഴോ കന്നഡയോ) സംസാരിക്കുന്നവരാണെങ്കിൽ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങളിൽ വോട്ടർ പട്ടിക പ്രസ്തുത ഭാഷയിലും തയ്യാറാക്കേണ്ടതാണ്. ഈ സംഗതികളിൽ, വിവിധ ഭാഷകളിലുള്ള വോട്ടർ പട്ടികകളിലെ ഉൾക്കുറിപ്പുകൾ സമാനമാണെന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

## വോട്ടർപട്ടിക ഭാഗങ്ങളായി തിരിക്കൽ

14. വോട്ടർ പട്ടികയെ സൗകര്യപ്രദമായ ഭാഗങ്ങളായി തിരിക്കേണ്ടതാണ്. ഒരു ഭാഗത്ത് ഉൾപ്പെടുത്തേണ്ട പേരുകളുടെ എണ്ണം സാധാരണഗതിയിൽ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലെ പോളിംഗ് സ്റ്റേഷനുകളുടെ കാര്യത്തിൽ ഏകദേശം 1100-ൽ കവിയാനും മുനിസിപ്പൽ വാർഡുകളുടെ കാര്യത്തിൽ ഏകദേശം1600-ൽ കവിയാനും പാടില്ല.

15. പോളിംഗ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വോട്ടർ പട്ടിക പുതുക്കേണ്ടതും വോട്ടർ പട്ടികയുടെ ഓരോ ഭാഗവും ഒരു പോളിംഗ് സ്റ്റേഷനകത്ത് വരുന്ന പ്രദേശം ഉൾപ്പെടുന്ന തരത്തിലായിരിക്കേണ്ടതുമാണ്. അതായത് വോട്ടർ പട്ടികയിലെ ഭാഗ നമ്പരും പോളിംഗ് സ്റ്റേഷൻ നമ്പരും ഒന്നുതന്നെയായിരിക്കണമെന്നർത്ഥം.

## പേരുകളും അവയുടെ വിന്യാസവും

16. വോട്ടറുടെ പൂർണ്ണമായ പേര് (ഇനിഷ്യലുണ്ടെങ്കിൽ അതുൾപ്പെടെ) വോട്ടർ പട്ടികയിൽ ചേർക്കേണ്ടതാണ്. പുരുഷൻമാരുടെയും അവിവാഹിതകളായ സ്ത്രീകളുടെയും കാര്യത്തിൽ അച്ഛന്റെ പേരും, വിവാഹിതകളുടെയും വിധവകളുടെയും കാര്യത്തിൽ ഭർത്താവിൻെറ പേരും ചേർക്കണം. അത് തിരിച്ചറിയലിന് സഹായകമാണെന്ന് ഓർക്കേണ്ടതാണ്. വോട്ടർ പട്ടികയിൽ ഓരോ ഭാഗത്തും വോട്ടർമാരുടെ പേര് വീട്ടുനമ്പർ മുറയ്ക്ക് ചേർക്കണമെന്ന് വോട്ടർമാരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 5-ാം ചട്ടം വ്യവസ്ഥ ചെയ്യുന്നു. ഒരേ കുടുംബത്തിൽ ഒരേ വീട്ടിൽ താമസിക്കുന്ന അംഗങ്ങളുടെ പേര് വോട്ടർപട്ടികയിൽ ഒരേ സ്ഥാനത്ത് ഉണ്ടാകേണ്ടതാണ്. കുടുംബനാഥന്റെ പേരിനെ തുടർന്നായിരിക്കണം മറ്റ് അംഗങ്ങളുടെ പേരുകൾ ചേർക്കേണ്ടത്. എന്നാൽ ഫോട്ടോ പതിച്ച വോട്ടർപട്ടിക തയ്യാറാക്കുന്ന സംഗതികളിൽ സമ്മതിദായകന്റെ ഫോട്ടോ കൂടി ആവശ്യത്തിലേയ്ക്ക് ഉപയോഗിക്കുന്ന 1-ാം നമ്പർ ഫാറത്തിൽ ചേർക്കേണ്ടതാണ്.



# അദ്ധ്യായം 3

## വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തൽ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മറ്റ് വിധത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്ത പക്ഷം, ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലേയോ ഓരോ പൊതു തിരഞ്ഞെടുപ്പിനു മുൻപും, ആ നിയോജകമണ്ഡലത്തിലെ/വാർഡിലെ ഒരു ആകസ്മിക ഒഴിവ് നികത്തുന്നതിനുള്ള ഉപതിരഞ്ഞെടുപ്പിനുമുൻപും യോഗ്യത കണക്കാക്കുന്ന തീയതിക്കനുസൃതമായി നിർണയിക്കപ്പെടുന്ന രീതിയിൽ വോട്ടർ പട്ടിക പുതുക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 22-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 78-ാം വകുപ്പും അനുശാസിക്കുന്നു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരം സമഗ്രമായോ സംക്ഷിപ്തമായോ അഥവാ ഭാഗികമായി സമഗ്രമായോ ഭാഗികമായി സംക്ഷിപ്തമായോ വോട്ടർപട്ടിക പരിഷ്കരിക്കാവുന്നതാണ്.

2. വോട്ടർ പട്ടിക സമഗ്രമായി പുതുക്കുന്ന കാര്യത്തിൽ എന്യൂമറേറ്റർമാർ ഓരോ വീടും സന്ദർശിച്ച്, 1994-ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 2-ാം നമ്പർ ഫാറത്തിൽ ഉൾപ്പെട്ടിട്ടുള്ള വോട്ടർ കാർഡിൽ ആ വീട്ടിലെ അർഹരായ അംഗങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നു. അതിനുശേഷം കരട് പട്ടിക പ്രസിദ്ധീകരിച്ചു പുതുക്കുന്നു. എന്നാൽ ഇപ്രകാരം ഒരു കണക്കെടുപ്പ് നടത്താതെ നിയമസഭാ നിയോജക മണ്ഡലങ്ങളിൽ പ്രാബല്യത്തിലുള്ള വോട്ടർപട്ടിക സ്വീകരിച്ചുകൊണ്ട് പഞ്ചായത്തുകളിലെ വോട്ടർപട്ടികകൾ തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 146-ാം വകുപ്പും മുനിസിപ്പാലിറ്റികളിലെ വോട്ടർപട്ടിക തയ്യാറാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്ടിലെ 83-ാം വകുപ്പും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അധികാരം നൽകുന്നു.

3. വോട്ടർപട്ടിക തയ്യാറാക്കുന്നതിന് ആവശ്യമായ വിവരം ശേഖരിച്ചു കഴിഞ്ഞാൽ കരട് വോട്ടർ പട്ടിക എത്രയും വേഗം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച തീയതിയിലാണ് കരട് പ്രസിദ്ധപ്പെടുത്തേണ്ടത്. അതോടൊപ്പം അവകാശവാദങ്ങളും ആക്ഷേപങ്ങളും ക്ഷണിച്ചു കൊണ്ടും ഏത് അധികാരി മുൻപാകെ, എപ്പോൾ, ഏതു സമയം വരെ ഇവ സമർപ്പിക്കണമെന്നും കാണിച്ചുകൊണ്ടും, വോട്ടർമാരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 3-ാം നമ്പർ ഫാറത്തിലുള്ള ഒരു നോട്ടീസും പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 16 (2) വകുപ്പ് അനുശാസിക്കുന്ന പ്രകാരം കരട് വോട്ടർ പട്ടിക അതത് പഞ്ചായത്ത് ഓഫീസിലും വില്ലേജ് ഓഫീസിലും ബ്ലോക്ക് ആസ്ഥാനത്തും താലൂക്കാഫീസിലും പ്രസിദ്ധീകരിച്ച് വോട്ടർമാർക്ക് പരിശോധനയ്ക്ക് സൗകര്യം നൽകേണ്ടതാണ്. ബന്ധപ്പെട്ട നിയോജകമണ്ഡലം/വാർഡ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിലും പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

## പുതുക്കൽ പരിപാടിക്ക് പരസ്യം

4. വോട്ടർ പട്ടിക പുതുക്കൽ പരിപാടിയെപ്പറ്റിയും കരട് പട്ടിക പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് എവിടെയൊക്കെ ലഭിക്കുമെന്നതിനെപ്പറ്റിയും വിപുലമായ പരസ്യം നൽകേണ്ടതാണ്. ഇതിലേക്കായി ഇനിപ്പറയുന്ന നടപടി സ്വീകരിക്കാവുന്നതാണ്.

1 (എ) ആകാശവാണി, ദൂരദർശൻ തുടങ്ങിയ ഔദ്യോഗിക പൊതുമാധ്യമങ്ങൾ പൂർണ്ണമായും ഉപയോഗിക്കാം.

(ബി) പുതുക്കൽ പരിപാടി നടക്കുന്ന സമയം മൂന്നോ നാലോ തവണ ആകാശവാണിയുടെയും ദൂരദർശന്റെയും പ്രാദേശിക സ്റ്റേഷനുകൾ വഴി ഏറ്റവും പ്രധാന സമയങ്ങളിൽ പ്രഖ്യാപനം നടത്തുക. ഇതിനോടൊപ്പം ദൂരദർശനിൽ ദൃശ്യങ്ങൾ പ്രദർശിപ്പിക്കുക, ആകാശവാണി, ദൂരദർശൻ എന്നിവ മുഖേന അഭ്യർത്ഥനകൾ, ആഹ്വാനങ്ങൾ, സ്കിറ്റുകൾ എന്നിവ കൂടി നടത്തുക, ഇവയെല്ലാം ഏറ്റവും പ്രധാനസമയങ്ങളിൽ നടത്താവുന്നതാണ്.

(സി) ജില്ലയിൽ പരക്കെ പ്രചാരമുള്ള രണ്ടോ അതിൽ കൂടുതലോ പത്രങ്ങളിൽ കൂടി പരസ്യപ്പെടുത്തുക.

(ഡി) സിനിമാ തിയേറ്ററുകളിൽ സ്ളൈഡുകൾ പ്രദർശിപ്പിക്കുക.



(ഇ) റേഷൻ കടകൾ, ഗ്രന്ഥശാലകൾ, ബസ്സ്റ്റാൻറുകൾ, മാർക്കറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ബിറ്റ് നോട്ടീസുകൾ വഴി പരസ്യം നടത്തുക.

2. കൂടാതെ വോട്ടർപട്ടിക തയ്യാറാക്കുന്ന കാര്യപരിപാടിയ്ക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ മതിയായ പ്രചാരണം നൽകുന്നതിനാവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർ മുഖേന സ്വീകരിക്കുന്നതുമാണ്.

## അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് കോപ്പികൾ സൗജന്യമായി നൽകൽ

5. അംഗീകൃത ദേശീയ/സംസ്ഥാന രാഷ്ട്രീയ പാർട്ടികൾക്കും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനത്ത് പ്രത്യേകം തിരഞ്ഞെടുപ്പ് ചിഹ്നം നൽകിയിട്ടുള്ള രാഷ്ട്രീയ പാർട്ടികൾക്കും വോട്ടർ പട്ടികയുടെ ഓരോ ഭാഗത്തിന്റെയും രണ്ടു കോപ്പികൾ വീതം സൗജന്യമായി നൽകണമെന്ന് 1994-ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 9 (സി) അനുശാസിക്കുന്നു. ഒരു നിയോജകമണ്ഡലത്തിന്റെ പട്ടികയുടെ, അത് ഏതു ഭാഷയിൽ തയ്യാറാക്കിയതായാൽ പോലും, രണ്ടു കോപ്പികൾ വീതം നൽകിയാൽ മതിയാകും. രണ്ടു ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളിടത്ത് ഓരോ ഭാഷയിലുമുള്ള ഓരോ കോപ്പി വീതം, മൊത്തം രണ്ടു കോപ്പികൾ കൊടുത്താൽ മതിയാവുന്നതാണ്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടി, ഒരേ ഭാഷയിലുള്ള രണ്ടു കോപ്പികൾ ആണ് ആവശ്യപ്പെടു ന്നതെങ്കിൽ അവർക്ക് അങ്ങനെ നൽകേണ്ടതാണ്. പട്ടികയുടെ കോപ്പികൾ അധികാരപ്പെടുത്തിയ പ്രതിനിധികൾ മുഖേന വാങ്ങിക്കൊള്ളാൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് അറിയിപ്പ് നൽകിയാൽ മതിയാകും. കോപ്പികൾ നൽകുമ്പോൾ കൈപ്പറ്റ് രസീത് വാങ്ങി ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

5. നാമനിർദ്ദേശപത്രിക നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി വരെ നടത്തുന്ന കൂട്ടി ചേർക്കലുകൾ, ഒഴിവാക്കലുകൾ മുതലായവയുടെ എല്ലാ സപ്ലിമെന്റുകളും രാഷ്ട്രീയ പാർട്ടികൾക്ക് നൽകേണ്ടതാണ്. സപ്ലിമെന്റുകൾ നൽകുമ്പോൾ അതനുസരിച്ചുള്ള ഭേദഗതികൾ പ്രധാന വോട്ടർ പട്ടികയിൽ (മാതൃ വോട്ടർപട്ടിക) ചേർക്കണമെന്ന് രേഖാമൂലം അവരെ അറിയിക്കേണ്ടതാണ്.

# അദ്ധ്യായം 4

## അവകാശവാദങ്ങളും ആക്ഷേപങ്ങളും

1. കരട് വോട്ടർപട്ടികയിൻമേലുള്ള അവകാശവാദങ്ങളും (ഏതെങ്കിലും പേര് ചേർക്കണമെന്നുള്ള എല്ലാ അവകാശവാദങ്ങളും അതിലുള്ള ഉൾക്കുറിപ്പുകളെ സംബന്ധിച്ചുള്ള എല്ലാ ആക്ഷേപങ്ങളും) കരട് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം സമർപ്പിച്ചിരിക്കണമെന്ന് ചട്ടം 10-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### അവകാശവാദങ്ങളും ആക്ഷേപങ്ങളും അയയ്ക്കുന്നതിനുള്ള ഫാറം

2. പട്ടികയിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന ആൾ ഒപ്പിട്ടും, അപ്രകാരം ഏതു പട്ടികയിലാണോ പേര് ചേർക്കാൻ ആഗ്രഹിക്കുന്നത് ആ പട്ടികയിൽ നിലവിലുള്ള പേരുള്ള മറ്റൊരാൾ മേലൊപ്പുവച്ചും ഫാറം നമ്പർ 4-ൽ ആയിരിക്കണം പേര് ചേർക്കാനുള്ള അവകാശവാദം സമർപ്പിക്കേണ്ടത്. പട്ടികയിൽ പേരു ചേർക്കുന്നതിനോ അല്ലെങ്കിൽ പേര് ഉൾപ്പെടുത്തിയതിന്മേലുള്ള ആക്ഷേപങ്ങൾ 5-ാം നമ്പർ ഫാറത്തിൽ ആയിരിക്കേണ്ടതും, പട്ടികയിൽ അപ്പോൾതന്നെ നിലവിൽ പേര് ചേർത്തിട്ടുള്ള ഒരു വ്യക്തി മാത്രമേ ആക്ഷേപം ഉന്നയിക്കാൻ പാടുള്ളതും, ഏതു പേരിനെതിരായാണ് ആക്ഷേപം ഉന്നയിക്കപ്പെട്ടിരിക്കുന്നത് ആ പേര് വന്നിട്ടുള്ള പട്ടികയിൽ അപ്പോൾ തന്നെ പേരു ചേർത്തു കിട്ടിയിട്ടുള്ള മറ്റൊരു വ്യക്തി മേലൊപ്പ് വയ്ക്കേണ്ടതുമാണ്.



3. പട്ടികയിലുള്ള ഏതെങ്കിലും വിശദാംശത്തേയോ വിശദാംശങ്ങളെക്കുറിച്ചുള്ള ആക്ഷേപം 6-ാം നമ്പർ ഫാറത്തിലായിരിക്കേണ്ടതും ആ ഉൾക്കുറിപ്പ് ആരെ സംബന്ധിച്ചാണോ അയാൾ മാത്രമേ അതിനെതിരെ ആക്ഷേപം ഉന്നയിക്കാനും പാടുള്ളൂ.

4. അധികാരികൾ നൽകുന്ന അച്ചടിച്ച ഫാറങ്ങളിൽ മാത്രമേ അവകാശ വാദങ്ങളും ആക്ഷേപങ്ങളും ബോധിപ്പിക്കാൻ പാടുള്ളൂ എന്ന് നിർബന്ധമില്ല. അവ ടൈപ്പ് ചെയ്തോ സൈക്ളോസ്റ്റൈൽ ചെയ്തോ ഫോട്ടോ കോപ്പി ചെയ്തോ ആയ ഫാറത്തിലും ബോധിപ്പിക്കാവുന്നതാണ്.

5. അവകാശവാദങ്ങളും ആക്ഷേപങ്ങളും ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥനോ ഇതിലേക്കായി പ്രത്യേകമായി സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ മുൻപാകെ സമർപ്പിക്കുകയോ അല്ലെങ്കിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് തപാൽ മാർഗം അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ് * (ചട്ടം 12). വ്യക്തിഗതമായ അപേക്ഷകൾ മാത്രമേ സ്വീകരിക്കേണ്ടതുള്ളൂ. എന്നാൽ ഒരു വീട്ടിൽ നിന്നുള്ള, അതായത് ഒരേ കുടുംബത്തിലുള്ള അംഗങ്ങളെ സംബന്ധിക്കുന്ന വ്യക്തിഗതമായ അപേക്ഷകൾ ഒരുമിച്ച് സമർപ്പിച്ചാൽ അവ സ്വീകരിക്കേണ്ടതാണ്. വോട്ടർപട്ടികയിൽ പേര് ചേർക്കലും വോട്ടർപട്ടികയിൽ നിന്ന് പേര് നീക്കം ചെയ്യലും ഒരാളുടെ വ്യക്തിപരമായ അവകാശമായതിനാൽ രാഷ്ട്രീയ പാർട്ടികൾക്കോ സംഘടനകൾക്കോ അതിന് അവകാശമില്ലാത്തതാണ്. ആയതിനാൽ ഏതെങ്കിലും വ്യക്തിഗത സംഘടനയോ രാഷ്ട്രീയ പാർട്ടിയോ ഒരുമിച്ച് സമർപ്പിക്കുന്ന അവകാശവാദങ്ങളും ആക്ഷേപങ്ങളും സ്വീകരിക്കേണ്ടതില്ല. തപാൽ മാർഗ്ഗം അപ്രകാരം അയയ്ക്കുന്ന അപേക്ഷകൾക്കും അതേ തത്വം തന്നെ ബാധകമാണ്.

6. സമർപ്പിക്കപ്പെടുന്ന ഓരോ അവകാശവാദ അപേക്ഷക്കും ആക്ഷേപ അപേക്ഷക്കും രസീത് നൽകേണ്ടതാണ്. ഇതു മുകളിൽ പറഞ്ഞ ഫാറങ്ങളോടൊപ്പം ലഭ്യമാണ്. പേര് ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള അപേക്ഷകൾക്ക് ഒരു അപേക്ഷാ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറോ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറോ അല്ലെങ്കിൽ ഇത് സംബന്ധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ മാത്രമേ അപേക്ഷകൾ സ്വീകരിക്കുവാൻ പാടുള്ളൂ. ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ അപേക്ഷാ രജിസ്റ്ററിൽ അതാത് ദിവസം തന്നെ എഴുതി സൂക്ഷിക്കേണ്ടതും അത് അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

---

* *എന്നാൽ മേൽപ്പറഞ്ഞപ്രകാരമുള്ള ഏതെങ്കിലും അവകാശവാദങ്ങളോ ആക്ഷേപങ്ങളോ ഓൺലൈൻ ആയി സമർപ്പിക്കാൻ നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ അദ്ധ്യായം 10-ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.*

7. സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും അവകാശ വാദങ്ങളുടെ ഒരു ലിസ്റ്റ് 9-ാം നമ്പർ ഫാറത്തിലും, പേര് ചേർക്കുന്നതിനെതിരായോ അല്ലെങ്കിൽ പേര് ഉൾപ്പെടുത്തിയതിനെതിരേയോ ഉള്ള ആക്ഷേപങ്ങളുടെ ഒരു ലിസ്റ്റ് 10-ാം നമ്പർ ഫാറത്തിലും, വിശദാംശങ്ങൾക്കെതിരെയുള്ള ആക്ഷേപങ്ങളുടെ ഒരു ലിസ്റ്റ് 11-ാം നമ്പർ ഫാറത്തിലും ഡ്യൂപ്ലിക്കേറ്റായി സൂക്ഷിക്കേണ്ടതാണ്. അങ്ങനെയുള്ള ലിസ്റ്റുകളുടെ ഓരോ കോപ്പി അദ്ദേഹത്തിന്റെ ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഓരോ അവകാശവാദവും ആക്ഷേപവും അദ്ദേഹം അന്വേഷിക്കേണ്ടതും ഓരോ ഫാറത്തിലും അഭിപ്രായം എന്തെങ്കിലുമുണ്ടെങ്കിൽ രേഖപ്പെടുത്തേണ്ടതും അതിനു ശേഷം ഫാറങ്ങളെല്ലാം ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്. (13-ാം ചട്ടം കാണുക).

8. ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ തനിക്ക് നേരിട്ടോ സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ലഭിക്കുന്ന ഓരോ അവകാശ വാദത്തേയും അല്ലെങ്കിൽ ആക്ഷേപത്തേയും സംബന്ധിച്ച വിവരങ്ങൾ 9, 10, 11 എന്നീ നമ്പർ ഫാറങ്ങളിൽ 3 ലിസ്റ്റുകൾ ഡ്യൂപ്ലിക്കേറ്റായി സൂക്ഷിക്കേണ്ടതാണ്. അങ്ങനെയുള്ള ലിസ്റ്റുകളുടെ ഓരോ കോപ്പി തന്റെ ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും വേണം. അവകാശ വാദങ്ങളിൽ, ആക്ഷേപങ്ങളിൽ തീർപ്പ് കൽപിക്കുന്നതുവരെ ഈ ലിസ്റ്റുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നത് തുടരേണ്ടതാണ്. (ചട്ടം 14 കാണുക).

9. അന്തിമ വോട്ടർപട്ടികയുടെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് നിശ്ചിത ഫാറത്തിലോ, രീതിയിലോ സമർപ്പിക്കാത്ത ഏത് അവകാശവാദവും, ആക്ഷേപവും ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ നിരസിക്കേണ്ടതാണ്. എന്നാൽ അത് നിരസിക്കാനുണ്ടായ കാരണങ്ങൾ അപേക്ഷാഫാറത്തിൽ തന്നെ സംക്ഷിപ്തമായി രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം നിരസിക്കപ്പെട്ട അപേക്ഷകളുടെ ലിസ്റ്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടേയും അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടേയും ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും, നിരസിക്കപ്പെട്ട വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കു കയും ചെയ്യേണ്ടതാണ്. എന്നിരുന്നാലും അന്തിമവോട്ടർപട്ടിക പ്രസിദ്ധീകരിച്ച ശേഷവും വോട്ടർപട്ടികയിൽ പേര് ചേർക്കുവാനോ പട്ടികയിലെ ഉൾക്കുറിപ്പിൽ എന്തെങ്കിലും ഭേദഗതിയോ നീക്കം ചെയ്യലോ വരുത്തുവാനോ ഉള്ള അവകാശം ആ നിയോജകമണ്ഡലത്തിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിന്റെ അവസാന ദിവസം വരെ ഉണ്ടായിരിക്കുന്നതാണ്. ഇത്തരം മാറ്റങ്ങളും വോട്ടർപട്ടികയുടെ അനുബന്ധമായി കൂട്ടിച്ചേർക്കേണ്ടതാണ്.



10. അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം 1994-ലെ കേരള പഞ്ചായത്ത് രാജ് 23,24 എന്നീ വകുപ്പുകൾ പ്രകാരമോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 79, 80 എന്നീ വകുപ്പുകൾ പ്രകാരമോ സമർപ്പിക്കുന്ന ആക്ഷേപമോ അവകാശവാദമോ ഏത് സമയത്തും സ്വീകരിക്കേണ്ടതും എന്നാൽ നിയമപ്രകാരമുള്ള നടപടികൾ ആയതിന്മേൽ എടുക്കേണ്ടതായിട്ടുള്ളതിനാൽ നാമനിർദ്ദേശപത്രികകൾ സ്വീകരിക്കുന്ന അവസാന ദിവസത്തിന് 10 ദിവസം മുമ്പുവരെ സമർപ്പിക്കുന്ന അപേക്ഷകളിലിന്മേൽ മാത്രം നടപടികൾ സ്വീകരിക്കേണ്ടതും അതിനുശേഷം ലഭിക്കുന്ന അപേക്ഷകളിന്മേൽ തിരഞ്ഞെടുപ്പ് പൂർത്തിയായതിനുശേഷവും നടപടി സ്വീകരിക്കേണ്ടതാണ്.

11. 16-ാം ചട്ടപ്രകാരം ഏതെങ്കിലും അവകാശവാദത്തിന്റെ അല്ലെങ്കിൽ ആക്ഷേപത്തിന്റെ സാധുത ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെട്ടാൽ താൻ പ്രദർശിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ അത് ചേർക്കപ്പെട്ട തീയതി മുതൽ ഒരാഴ്ച കഴിഞ്ഞതിനുശേഷം അദ്ദേഹത്തിന് കൂടുതൽ അന്വേഷണമൊന്നും കൂടാതെ തന്നെ അത് അനുവദിക്കാവുന്നതാണ്. എന്നാൽ അങ്ങനെയുള്ള അവകാശ വാദമോ, ആക്ഷേപമോ അനുവദിക്കുന്നതിനു മുൻപായി, ഏതെങ്കിലും ആൾ അന്വേഷണം വേണമെന്ന് രജിസ്ട്രേഷൻ ഉദ്യോഗസ്ഥനോട് രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ കൂടുതൽ അന്വേഷണം ഇല്ലാതെ ആ അവകാശ വാദമോ ആക്ഷേപമോ അനുവദിക്കാൻ പാടില്ല. മറ്റ് എല്ലാ സംഗതികളിലും അവകാശവാദികൾക്കും ആക്ഷേപകർക്കും, അതുപോലെ ആരുടെ പേര് ചേർക്കുന്നതിലാണോ ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളത് ആ പേരുകാർക്കും വ്യക്തിഗത നോട്ടീസ് അയയ്ക്കേണ്ടതാണ്.

12. മുകളിൽ പറഞ്ഞ പ്രകാരം തീർപ്പാക്കാത്ത അപേക്ഷകളെ സംബന്ധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ അയാൾ പ്രദർശിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ, അവകാശവാദമോ ആക്ഷേപമോ സംബന്ധിച്ച വാദം കേൾക്കുന്ന തീയതിയും സമയവും സ്ഥലവും പ്രത്യേകമായി കാണിക്കേണ്ടതും അവകാശ വാദത്തിന്റെ കാര്യത്തിൽ 12-ാം നമ്പർ ഫാറത്തിൽ അവകാശവാദിക്ക് വാദം കേൾക്കുന്നത് സംബന്ധിച്ച ഒരു നോട്ടീസ് നൽകേണ്ടതുമാണ്. പേരു ചേർക്കുന്നതിനോ അല്ലെങ്കിൽ പേര് ഉൾപ്പെടുത്തിയതിനോ എതിരായുള്ള ഒരു ആക്ഷേപത്തിന്റെ കാര്യത്തിൽ, ആക്ഷേപകർക്ക് 13-ാം നമ്പർ ഫാറത്തിലും ആർക്കെതിരാണോ ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളത് അയാൾക്ക് 14-ാം നമ്പർ ഫാറത്തിലും വാദം കേൾക്കുന്നതിനുള്ള നോട്ടീസ് നൽകേണ്ടതാണ്. ഉൾക്കുറിപ്പിൽ ചേർത്തിട്ടുള്ള ഏതെങ്കിലും വിവരത്തേയോ വിവരങ്ങളേയോ സംബന്ധിച്ച ആക്ഷേപമാണെങ്കിൽ, ആക്ഷേപകന് 15-ാം നമ്പർ ഫാറത്തിൽ നോട്ടീസ് നൽകണം, നോട്ടീസ് നേരിട്ടോ, രജിസ്റ്റേർഡ് പോസ്റ്റായോ, അയാളുടെ വാസസ്ഥലത്തോ, നിയോജകമണ്ഡലത്തിൽ/വാർഡിൽ അയാൾ അവസാനമായി താമസിച്ചിരിക്കുന്നതെന്ന് അറിയാവുന്ന വാസസ്ഥലത്തോ പതിച്ചോ നൽകാവുന്നതാണ് (ചട്ടം 17 കാണുക).

13. നോട്ടീസ് നൽകിയിട്ടുള്ള എല്ലാ അവകാശവാദങ്ങളെയും ആക്ഷേപങ്ങളെയും സംബന്ധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ നേരിട്ടോ അല്ലെങ്കിൽ ഇതിലേയ്ക്കായി പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ വഴിയോ ചുരുക്കത്തിൽ ഒരന്വേഷണം നടത്തേണ്ടതും അതിന്മേൽ അദ്ദേഹത്തിൻെറ അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്. വാദം കേൾക്കുന്ന സമയത്ത് അവകാശവാദിക്കോ, അല്ലെങ്കിൽ അതത് സംഗതിപോലെ, ആക്ഷേപകനോ, ആർക്കെതിരായാണോ ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളത് അയാൾക്കോ, കൂടാതെ തനിക്ക് സഹായമാവാൻ സാദ്ധ്യതയുണ്ട് എന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് അഭിപ്രായമുള്ള മറ്റേതൊരാൾക്കുമോ ഹാജരാകാനും പറയാനുള്ളത് പറയുവാനും അവകാശമുണ്ടായിരിക്കും. അവകാശവാദിയോടോ, ആക്ഷേപകനോടോ, ആർക്കെതിരായാണോ ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളത് ആ ആളോടോ തന്റെ മുൻപാകെ നേരിട്ട് ഹാജരാകാൻ ആവശ്യപ്പെടാൻ ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് അധികാരമുണ്ട്. ഏതൊരാളോടും സത്യപ്രതിജ്ഞയിൻമേൽ തെളിവ് നൽകാൻ ആവശ്യപ്പെടാനും അതിലേക്കായി സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നതിനും അദ്ദേഹത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. (ചട്ടം 18 കാണുക)

14. ഒരേ നിയോജകമണ്ഡലത്തിലെ/വാർഡിലെ വോട്ടർപട്ടികയുടെ ഒരു ഭാഗത്തുനിന്നും തന്റെ പേര് മറ്റൊരു ഭാഗത്തേയ്ക്ക് മാറ്റാൻ ആഗ്രഹിക്കുന്ന ഒരാൾ 7-ാം നമ്പർ ഫാറത്തിൽ അപേക്ഷ ബോധിപ്പിക്കേണ്ടതാണ്. അതേപോലെ ഒരേ നിയോജകമണ്ഡലത്തിലെ/വാർഡിലെ വോട്ടർപട്ടികയുടെ ഒരു ഭാഗത്ത് നിന്നും മറ്റൊരു ഭാഗത്തേക്ക് മറ്റൊരാളിന്റെ പേരു മാറ്റി കിട്ടാൻ ആഗ്രഹിക്കുന്ന ആൾ, ഉചിതമായി ഭേദഗതി ചെയ്ത 7-ാം നമ്പർ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## അവകാശവാദങ്ങളും ആക്ഷേപങ്ങളും തീർപ്പാക്കുന്നതിനുള്ള നടപടിക്രമം

15. അവകാശവാദങ്ങളും ആക്ഷേപങ്ങളും ബോധിപ്പിക്കുന്നതിനുള്ള അവസാന തീയതിവരെ വാദം കേൾക്കൽ തുടങ്ങാൻ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ കാത്തിരിക്കേണ്ടതില്ല. തന്റെ ആഫീസിൽ ഈ അവകാശവാദങ്ങളും ആക്ഷേപങ്ങളും പ്രദർശിപ്പിച്ച തീയതി മുതൽ 7 പൂർണ ദിവസങ്ങൾ അനുവദിച്ച ശേഷം അപ്രകാരമുള്ള അപേക്ഷകളിലും ആക്ഷേപങ്ങളിലും തീരുമാനമെടുക്കാവുന്നതാണ്. ഓരോ ദിവസവും ലഭിക്കുന്ന അവകാശവാദങ്ങളും ആക്ഷേപങ്ങളും സംബന്ധിച്ച വാദം കേൾക്കുന്നതിന് ഒരു പരിപാടി എഴുതി തയ്യാറാക്കേണ്ടതാണ്. അല്ലെങ്കിൽ, സാധാരണമായ ഏഴു ദിവസം കഴിയാറാവുന്ന ദിവസങ്ങളിൽ ധാരാളം അവകാശവാദങ്ങളും ആക്ഷേപങ്ങളും ലഭിക്കുമെന്നതിനാൽ,



അവയെല്ലാം തീർപ്പ് കല്പിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാവും. ലഭിച്ച അവകാശവാദങ്ങളും ആക്ഷേപങ്ങളും പട്ടിക അന്തിമമായി പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് തീർപ്പ് കല്പിക്കേണ്ടതാണ്. അവയിലൊന്നുംതന്നെ തീർപ്പ് കല്പിക്കാനായി അടുത്ത പുതുക്കൽവരെ മാറ്റിവയ്ക്കാനും പാടില്ല. അവകാശവാദങ്ങളും ആക്ഷേപങ്ങളും ബോധിപ്പിക്കുന്നതിനുള്ള അവസാനദിവസം കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച് 7 പൂർണ്ണ ദിവസങ്ങൾക്ക് ശേഷം തീരുമാനമെടുക്കേണ്ടതും അതും അന്തിമവോട്ടർപട്ടികയിലെ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

16. ഓരോ സംഗതിയിലും ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ അദ്ദേഹത്തിൻെറ തീരുമാനം മാത്രമല്ല, തീരുമാനത്തിനാധാരമായ കാരണങ്ങളും അതത് ഫാറങ്ങളിൽ തന്നെ രേഖപ്പെടുത്തി തീയതി സഹിതം ഒപ്പ് വെയ്ക്കേണ്ടതാണ്. മേൽപ്പറഞ്ഞപ്രകാരം അവകാശവാദങ്ങളിലും ആക്ഷേപങ്ങളുടേയും പാസ്സാക്കിയ ഉത്തരവുകൾ അവയുടെ കാരണങ്ങൾ സഹിതം പ്രസ്തുത ഫാറങ്ങളുടെ മറുവശത്തും വ്യക്തമായി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരമുള്ള തീരുമാനങ്ങൾ എല്ലാ ഫാറങ്ങളിലും നിശ്ചയമായും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ എടുത്ത തീരുമാനത്തെ സംബന്ധിച്ചുള്ള അറിയിപ്പ് പ്രസ്തുത ഫാറങ്ങളിൽ പറഞ്ഞിരിക്കുന്ന മാതൃകയിൽ തന്നെ കക്ഷികളെ അറിയിക്കേണ്ടതാണ്.

## മന:പൂർവ്വമല്ലാതെ വിട്ടുപോയ പേരുകൾ ഉൾപ്പെടുത്തൽ

17. വോട്ടർപട്ടിക തയ്യാറാക്കുന്ന സമയത്ത് മന:പൂർവ്വമല്ലാതെയോ പിശകോ മൂലമോ വോട്ടർമാരുടെ പേരുകൾ വിട്ടുപോകാൻ സാദ്ധ്യതയുണ്ട്. അതിന് പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതാവശ്യമാണ്. നിയമസഭാ നിയോജക മണ്ഡലങ്ങളിലെ വോട്ടർപട്ടിക സ്വീകരിച്ചുകൊണ്ട് പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും വോട്ടർപട്ടികകൾ തയ്യാറാക്കുന്ന സംഗതികളിൽ അപ്രകാരം സ്വീകരിച്ച നിയമസഭാ നിയോജകമണ്ഡലങ്ങളിലേയ്ക്കുള്ള വോട്ടർപട്ടികയിൽ പേരുണ്ടായിരിക്കുകയും പഞ്ചായത്തിലേയോ മുനിസിപ്പാലിറ്റിയിലേയോ വോട്ടർപട്ടികയിൽ നിന്നും വിട്ടുപോയിട്ടുള്ളവരുടെ പേരുകളും കൂടാതെ അവകാശവാദ അപേക്ഷകൾ കൈകാര്യം ചെയ്തപ്പോൾ വിട്ടുപോയിട്ടുള്ളതുമായ സമ്മതിദായകരുടേയും പേരുകളും ഉൾപ്പെടുത്തി ഒരു ലിസ്റ്റ് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ തയ്യാറാക്കേണ്ടതാണ്. അതിനുശേഷം, പട്ടികയിൽ ഈ പേരുകൾ ചേർക്കുന്ന കാര്യം ഏതു സമയത്തും ഏത് സ്ഥലത്തുവച്ചും പരിഗണിക്കുമെന്നറിയിച്ചുകൊണ്ടുള്ള ഒരു നോട്ടീസോടുകൂടി ലിസ്റ്റിന്റെ ഒരു കോപ്പി തൻെറ ആഫീസിലെ നോട്ടീസ് ബോർഡിൽ ഇടേണ്ടതും ലിസ്റ്റും നോട്ടീസും യുക്തമെന്ന് അദ്ദേഹം കരുതുന്ന മറ്റേതെങ്കിലും രീതിയിൽ പരസ്യപ്പെടുത്തേണ്ടതുമാണ്. വാക്കാലോ രേഖാമൂലമോ

ബോധിപ്പിക്കാവുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷം, എല്ലാ പേരുകളും, അല്ലെങ്കിൽ ഏതെങ്കിലും പേര് പട്ടികയിൽ ചേർക്കണമോ എന്ന് അദ്ദേഹം തീരുമാനം എടുക്കേണ്ടതുമാണ്. (ചട്ടം 19 കാണുക).

മേൽപറഞ്ഞ നോട്ടീസ് ഇനി പറയുന്ന രൂപത്തിൽ ആയിരിക്കേണ്ടതാണ്.

## നോട്ടീസ്

ഇതോടൊപ്പം ചേർത്തിട്ടുള്ള ലിസ്റ്റുകളിൽ കാണുന്ന പേരുകൾ, അവ യദൃച്ഛയാ വിട്ടുപോയതുകൊണ്ട്, വോട്ടർപട്ടികയിൽ ചേർക്കുന്ന കാര്യം 1994-ലെ കേരള പഞ്ചായത്ത് രാജ് സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ 1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ 19-ാം ചട്ടപ്രകാരം പരിഗണിക്കാൻ ഉദ്ദേശിക്കുന്നതിനാൽ, ഈ പേര് ചേർക്കലുകൾ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കണമെന്നുള്ള ആർക്കും അങ്ങനെ ചെയ്യാവുന്നതും അയാൾ ഹാജരാക്കാൻ ആഗ്രഹിക്കുന്ന തെളിവു സഹിതം ഇനി പറയുന്ന സ്ഥലങ്ങളിൽ അവയ്ക്കു നേരേ കാണിച്ചിട്ടുള്ള വാദം കേൾക്കുന്ന തീയതികളിലും സമയത്തും ഹാജരാകാവുന്നതുമാണ്.

| വാദം കേൾക്കുന്ന സ്ഥലം | തീയതി | സമയം | വാദം കേൾക്കുന്ന ഇനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |

ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ

.................................. പഞ്ചായത്ത് നിയോജകമണ്ഡലം

.................................. മുനിസിപ്പൽ വാർഡ്

സ്ഥലം : ..........................

തിയതി : ..........................



# അദ്ധ്യായം 5

## വോട്ടർ പട്ടികകൾ അന്തിമമായി പ്രസിദ്ധീകരിക്കൽ

### ഭേദഗതികളുടെ അന്തിമലിസ്റ്റുകൾ തയ്യാറാക്കലും വോട്ടർപട്ടികയുടെ പ്രസിദ്ധീകരണവും

1. കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം അത് അന്തിമമായി പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ ഭേദഗതികളുടെ ലിസ്റ്റുകൾ തയ്യാറാക്കേണ്ടതാണ്. ഈ ലിസ്റ്റുകളിൽ മരണപ്പെട്ട ആളുകളുടേയും, പട്ടികയിൽ പേരു ഉൾപ്പെടുത്തിയിട്ടുള്ളവരും എന്നാൽ നിയോജകമണ്ഡലത്തിൽ/വാർഡിൽ സാധാരണ താമസക്കാരല്ലാതായി തീർന്നവരുടേയും പേരുകളും 1994 ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ 19, 20 അനുസരിച്ചുള്ള തീരുമാനങ്ങൾ നടപ്പാക്കുന്നതിനും ക്ലറിക്കൽ തെറ്റുകളോ അച്ചടിപ്പിശകുകളോ പട്ടികകളിൽ പിന്നീട് കണ്ടുപിടിക്കപ്പെട്ട തെറ്റുകളോ തിരുത്തുന്നതിനുമുള്ള ഭേദഗതികളും ഉൾപ്പെടും. ഈ ജോലി അവകാശവാദങ്ങളും ആക്ഷേപങ്ങളും തീർപ്പാക്കിയതിനുശേഷം ചെയ്യാൻ കാത്തിരിക്കേണ്ടതില്ല. 20-ാം ചട്ടമനു സരിച്ചു വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം പാലിച്ചുകൊണ്ട്, അയോഗ്യരായ ആളുകളുടെ പേരുകൾ നീക്കം ചെയ്യാൻ പ്രസ്തുത വകുപ്പിൻ കീഴിൽ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ സ്വയമേ നടപടിയെടുക്കേണ്ടതാണ്. ഇതിന് യാതൊരു കാലതാമസവും ഉണ്ടാകേണ്ട ആവശ്യമില്ല. അവകാശവാദങ്ങളിൻമേലും, ആക്ഷേപങ്ങളിൻ മേലും രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ ഉത്തരവുകളും, 20-ാം ചട്ടത്തിനു കീഴിൽ പുറപ്പെടുവിച്ച അദ്ദേഹത്തിന്റെ തീരുമാനങ്ങളും യഥോചിതം ചേർക്കേണ്ടതാണ്.

2. ഭേദഗതികളുടെ പ്രാഥമികലിസ്റ്റുകൾ ഒന്നുംതന്നെയില്ലെങ്കിൽ, മുൻവർഷം അന്തിമ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷവും ആ വർഷത്തേയ്ക്കുള്ള ഭേദഗതികളുടെ അന്തിമ ലിസ്റ്റുകൾ തയ്യാറാക്കുന്ന തീയതി വരെയും 19-ഉം 20-ഉം ചട്ടങ്ങൾക്കു കീഴിൽ പുറപ്പെടുവിച്ച ഭേദഗതി ഉത്തരവുകൾ ഭേദഗതികളുടെ അന്തിമ ലിസ്റ്റിൽ ഉണ്ടായിരിക്കണം.

3. മൂന്ന് ഭാഗങ്ങൾ ഉള്ള പ്രാഥമിക ഭേദഗതി ലിസ്റ്റുകൾക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള അതേ ഫാറത്തിൽ തന്നെ അന്തിമ ലിസ്റ്റുകൾ തയ്യാറാക്കണം. അതായത് ഭാഗം 1-കൂട്ടിച്ചേർക്കലുകൾ, ഭാഗം 2- തിരുത്തലുകൾ, ഭാഗം 3 - ഒഴിവാക്കലുകൾ. അടിസ്ഥാന വോട്ടർ പട്ടിക തയ്യാറാക്കിയിട്ടുള്ള അതേ ഭാഷകളിൽ തന്നെ ഇവയും തയ്യാറാക്കണം. ലിസ്റ്റുകൾക്ക്, .................. വർഷത്തേക്കുള്ള (ലിസ്റ്റുകൾ തയ്യാറാക്കപ്പെടുന്ന വർഷം) അന്തിമ ഭേദഗതി ലിസ്റ്റുകൾ എന്ന് ഹെഡിംഗ് നൽകണം. ഈ വോട്ടർമാരുടെ ക്രമ നമ്പറുകൾ അടിസ്ഥാന പ്രാഥമിക/കരട് പട്ടികയിലെ അവസാനത്തെ ക്രമ നമ്പരുകളുടെ തുടർച്ചയായിരിക്കും. ഏതെങ്കിലും ഒരു ഭാഗത്ത് ഉൾക്കുറിപ്പുകളൊന്നുമില്ലെങ്കിൽ, പ്രസക്ത ഹെഡിംഗിന് താഴെയായി ഒന്നുമില്ല എന്ന ഉൾക്കുറിപ്പ് ചേർക്കണം. ഒരു ഭാഗത്തിലും ഉൾക്കുറിപ്പുകളൊന്നുമില്ലെങ്കിൽ ഒന്നുമില്ല എന്നു പറഞ്ഞുകൊണ്ടുള്ള ഒരു അന്തിമ ഭേദഗതി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

## അന്തിമ ഭേദഗതി ലിസ്റ്റുകൾ അച്ചടിക്കൽ

4. ഒരോഭാഗങ്ങളിലുമുള്ള ഭേദഗതികളുടെ അന്തിമ ലിസ്റ്റുകൾ തയ്യാറാക്കിക്കഴിഞ്ഞാലുടൻ തന്നെ, അവ അച്ചടിക്കുന്നതിനുവേണ്ടി പ്രസ്സിലേയ്ക്ക് അയയ്ക്കണം. അന്തിമ ഭേദഗതി ലിസ്റ്റുകളുടെ എല്ലാ കോപ്പികളിലും അവസാനം, യാതൊരു ഉൾക്കുറിപ്പുകളും ഇല്ലാത്ത ഭേദഗതി ലിസ്റ്റുകളുടെ കോപ്പികളിലുൾപ്പെടെ, രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ ഉദ്യോഗപ്പേര് അച്ചടിക്കേണ്ടതാണ്.

## വോട്ടർ പട്ടികകൾ എത്ര കോപ്പികൾ അച്ചടിക്കണമെന്ന്

6. വോട്ടർ പട്ടിക പുതുക്കുന്ന എല്ലാ സന്ദർഭങ്ങളിലും (അത് സമഗ്രമോ സംക്ഷിപ്തമോ ഭാഗികമായി സമഗ്രമോ ഭാഗികമായി സംക്ഷിപ്തമായോ ആയിരുന്നാലും) ഓരോ നിയോജകമണ്ഡലത്തിന്റേയും വോട്ടർപട്ടികയുടെ രണ്ടു സമ്പൂർണ്ണ സെറ്റുകൾ സപ്ലിമെന്റുകളോടുകൂടി സൗജന്യമായി സംസ്ഥാനത്തെ അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് കൊടുക്കണം. വോട്ടർപട്ടിക എത്ര വേണമെന്ന് തിട്ടപ്പെടുത്തുമ്പോൾ, ഇനി പറയുന്ന കാര്യങ്ങൾ മുന്നിൽ കാണേണ്ടതാണ്.



* ദേശീയ പാർട്ടികൾക്കും അംഗീകൃത സംസ്ഥാനപാർട്ടികൾക്കും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ കേരള സംസ്ഥാനത്ത് പ്രത്യേക തിരഞ്ഞെടുപ്പ് ചിഹ്നം അനുവദിച്ചിട്ടുള്ള രാഷ്ട്രീയ പാർട്ടികൾക്കും വോട്ടർപട്ടികയുടെ രണ്ട് കോപ്പികളാണ് സൗജന്യമായി നൽകേണ്ടിവരിക.
* രാഷ്ട്രീയ പാർട്ടികൾക്കും മറ്റുള്ളവർക്കും നൽകുന്ന വോട്ടർ പട്ടികയുടെ കോപ്പികൾ വോട്ടെടുപ്പ് സമയത്ത് പോളിംഗ് ബൂത്തുകളിൽ ഉപയോഗിക്കുന്ന വോട്ടർ പട്ടികയുടെ കോപ്പിയുമായി എല്ലാതരത്തിലും സമാനമായിരിക്കണം.
* കഴിഞ്ഞ വർഷങ്ങളിലെ യഥാർത്ഥമായ ആവശ്യം കണക്കിലെടുത്ത് രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും വിൽക്കുന്നതിന് ആവശ്യമായ കോപ്പികൾ.
* കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിലും ഉപതിരഞ്ഞെടുപ്പിലും ഉണ്ടായ യഥാർത്ഥ ആവശ്യം കണക്കിലെടുത്ത്, അടുത്ത രണ്ടു വർഷങ്ങളിൽ ഉണ്ടാകാവുന്ന ഉപതിരഞ്ഞെടുപ്പ് സമയത്ത് ഉപയോഗിക്കാനാവശ്യമായ കോപ്പികൾ.
* ജില്ലാതിരഞ്ഞെടുപ്പുദ്യോഗസ്ഥന്റെയും രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെയും ആഫീസുകളിൽ ഉപയോഗത്തിനായി സൂക്ഷിക്കാനാവശ്യമായ കോപ്പികൾ.
* റെക്കാർഡ് സൂക്ഷിക്കാനാവശ്യമായ കോപ്പികൾ.
* കഴിഞ്ഞ വർഷങ്ങളിലെ യഥാർത്ഥമായ ആവശ്യം കണക്കിലെടുത്ത് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ, പഞ്ചായത്ത് ഡയറക്ടർ, അർബൻ അഫയേഴ്സ് ഡയറക്ടർ, പോലീസ് ഡയറക്ടർ ജനറൽ എന്നിവർക്ക് നൽകാൻ ആവശ്യമായ കോപ്പികൾ.
* കരുതൽ സ്റ്റോക്കായി സൂക്ഷിക്കേണ്ട കോപ്പികൾ.

7. ഒന്നിലധികം ഭാഷകളിൽ വോട്ടർ പട്ടികകൾ അച്ചടിക്കുമ്പോൾ ഓരോ ഭാഷയിലും അച്ചടിക്കേണ്ട കോപ്പികളുടെ എണ്ണം പ്രത്യേകമായി തിട്ടപ്പെടുത്തേണ്ടതാണ്.

8. പഞ്ചായത്തുകളിലേയ്ക്കും മുനിസിപ്പാലിറ്റികളിലേയ്ക്കും പൊതു തിരഞ്ഞെടുപ്പ് നടക്കുന്നവർഷം സമഗ്രമായോ, സമ്മറിയായോ,ഭാഗികമായി സമഗ്രമായോ ഭാഗികമായി സമ്മറിയായോ, പുതുക്കൽ നടത്തിയതിനെത്തുടർന്ന് വോട്ടർപട്ടികകൾ അന്തിമമായി പ്രസിദ്ധീകരിച്ചതിനുശേഷം നൽകാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള രണ്ടു കോപ്പികൾ,

അന്തിമമായി പ്രസിദ്ധീകരിച്ച് കഴിഞ്ഞാലുടൻതന്നെ നൽകേണ്ടതില്ല; എന്നാൽ അവ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞാൽ നൽകേണ്ടതാണ്.

9. നിയോജകമണ്ഡലം/വാർഡ് മുഴുവനുമുള്ള വോട്ടർപട്ടിക തയ്യാറായാൽ ഉടൻതന്നെ, പ്രസിദ്ധീകരണ തീയതി പറഞ്ഞുകൊണ്ടുള്ള 1-ാം നമ്പർ ഫാറത്തോടൊപ്പം ഫാറം 16-ലെ നോട്ടീസ് ഏറ്റവും മുകളിലായി ചേർക്കണം. ഓരോ വോട്ടർപട്ടികയുടെ ഭാഗത്തിനോടൊപ്പം ആതിലെ കൂട്ടിചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ എന്നീ ക്രമത്തിൽ ഒരുമിച്ചു തുന്നികെട്ടണം. നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ അപ്രകാരം രൂപപ്പെടുത്തിയ വോട്ടർപട്ടിക ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ ആഫീസിൽ ഉടൻതന്നെ പ്രസിദ്ധ പ്പെടുത്തണം. 16-ാം നമ്പർ ഫാറത്തിൽ ഒരു നോട്ടീസ് പ്രദർശിപ്പിച്ചും വോട്ടർ പട്ടിക പരിശോധനയ്ക്കായി ലഭ്യമാക്കിക്കൊണ്ടും ഇത് ചെയ്യേണ്ടതാണ്. ഇത് നിയമം അനുശാസിക്കുന്ന ഒരു പ്രസിദ്ധീകരണമാണ്. പ്രസിദ്ധീകരണത്തിനു മുൻപായി, വോട്ടർ പട്ടികകളെല്ലാം ശ്രദ്ധാപൂർവ്വം അടുക്കിയിട്ടുണ്ടെന്നും എല്ലാ വിധത്തിലും പൂർണ മാണെന്നും ഉറപ്പുവരുത്തുന്നതിനാവശ്യമായ ഉചിതമായ നടപടി രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.



## അദ്ധ്യായം 6

## ഉൾക്കുറിപ്പുകൾ സ്ഥാനം മാറ്റലും ഒഴിവാക്കലും തിരുത്തലും

1. ഏതെങ്കിലും വോട്ടർപട്ടികയിലെ ഒരു ഉൾക്കുറിപ്പ് പിശകാണെന്നോ ന്യൂനത യുള്ളതാണെന്നോ അല്ലെങ്കിൽ ബന്ധപ്പെട്ട വ്യക്തി തന്റെ സാധാരണ താമസസ്ഥലം മാറ്റി എന്ന കാരണത്താൽ മറ്റൊരു വോട്ടർപട്ടികയിലേക്ക് തന്റെ പേര് മാറ്റേണ്ടതാണെന്നോ, അല്ലെങ്കിൽ ബന്ധപ്പെട്ടയാൾ മരിച്ചുപോയെന്നോ അഥവാ ആ നിയോജകമണ്ഡലത്തിൽ/ വാർഡിൽ സാധാരണ താമസക്കാര നല്ലാതായി തീർന്നുവെന്നോ അഥവാ ആ പട്ടികയിൽ പേര് ചേർക്കപ്പെടാൻ മറ്റേതെങ്കിലും വിധത്തിൽ അവകാശമുള്ളവനല്ലെന്നോ ഉള്ള കാരണത്താൽ നീക്കം ചെയ്യേണ്ടതാണെന്നോ ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് തനിക്കു ലഭിക്കുന്ന അപേക്ഷയിൻമേലോ, സ്വമേധയായോ യുക്തമെന്ന് തോന്നുന്ന അന്വേഷണ വിചാരണക്കുശേഷം ബോധ്യപ്പെടുന്നപക്ഷം, അതത് സംഗതി പോലെ ഭേദഗതി ചെയ്യുകയോ സ്ഥാനം മാറ്റുകയോ നീക്കം ചെയ്യുകയോ വേണ്ടതാണെന്ന് 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 23-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 79-ാം വകുപ്പും വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുപോലെ തന്നെ ഒരു നിയോജക മണ്ഡലത്തിലെ/വാർഡിലെ വോട്ടർപട്ടികയിൽ തന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ലാത്ത ഏതൊരാൾക്കും ആ പട്ടികയിൽ തന്റെ പേര് ഉൾപ്പെടുത്തുന്നതിന് ഇലക്ടറൽ രജിസ്ട്രേ ഷൻ ഉദ്യോഗസ്ഥനോട് അപേക്ഷിക്കാവുന്നതാണെന്നും കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 24-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 80-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പും വ്യവസ്ഥ ചെയ്യുന്നു.

2. മേൽപറഞ്ഞ വകുപ്പുകൾ പ്രകാരമുള്ള നടപടി, അതായത്, വോട്ടർ പട്ടികയിൽ ഏതെങ്കിലും ഉൾക്കുറിപ്പ് ഭേദഗതിയോ, സ്ഥാനം മാറ്റലോ, നീക്കം ചെയ്യലോ, പേര് ഉൾപ്പെടുത്തലോ അന്തിമമായി പ്രസിദ്ധീകരിച്ച വോട്ടർ പട്ടികകളെ സംബന്ധിച്ചുള്ളവ യാണെന്ന് ഓർക്കേണ്ടതാണ്. അതായത് ഇപ്രകാരമുള്ള നടപടികൾ ഒരു തിരഞ്ഞെ ടുപ്പിനുള്ള നാമനിർദ്ദേശപത്രികകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസത്തിനു ശേഷവും ആ തിരഞ്ഞെടുപ്പിൻെറ പൂർത്തീകരണത്തിനു മുൻപും സ്വീകരിക്കാൻ പാടില്ല.

3. അപേക്ഷകൾ അതത് സംഗതിപോലെ 4, 6, 7, 8 എന്നീ നമ്പർ ഫാറങ്ങളിൽ (ഡ്യൂപ്ളിക്കേറ്റിൽ) രണ്ടു രൂപാ ഫീസ് സഹിതം ആയിരിക്കണം രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടത്. ഫീസ് നോൺ ജുഡീഷ്യൽ സ്റ്റാമ്പുകളായോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശിക്കുന്ന രീതിയിലോ നല്കിയിരിക്കണം. അനുബന്ധം 3 കാണുക. അപേക്ഷ നേരിട്ടോ തപാൽ വഴിയോ സമർപ്പിക്കാവുന്നതാണ്. ഒരു വീട്ടിൽ നിന്നുള്ള അതായത് ഒരേ കുടുംബത്തിലുള്ള അംഗങ്ങളെ സംബന്ധിയ്ക്കുന്ന വ്യക്തി ഗതമായ അപേക്ഷകൾ ഒരുമിച്ച് സമർപ്പിച്ചാൽ അവ സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും വ്യക്തിഗത സംഘടനയോ രാഷ്ട്രീയ പാർട്ടിയോ ഒരുമിച്ച് സമർപ്പിക്കുന്ന/അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. എല്ലാ അപേക്ഷകൾക്കും കൈപ്പറ്റ് രസീത് നൽകേണ്ട താണ്.

4. കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 23-ാം വകുപ്പു പ്രകാരമോ അല്ലെങ്കിൽ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 79-ാം വകുപ്പു പ്രകാരമോ ഒരു വ്യക്തി നിയോജക മണ്ഡലത്തിൽ/വാർഡിൽ താമസക്കാരനല്ലാതായി തീർന്നുവെന്നോ അല്ലെങ്കിൽ ആ നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ വോട്ടർപട്ടികയിൽ രജിസ്റ്റർ ചെയ്യപ്പെടാൻ മറ്റുവിധത്തിൽ അവകാശമില്ലെന്നോ ഉള്ള കാരണത്താൽ ഒരു ഉൾക്കുറിപ്പ് ഭേദഗതി വരുത്തുകയോ സ്ഥാനമാറ്റം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനുമുമ്പ് തിരഞ്ഞെടുപ്പു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ആളിന് അയാളെ സംബന്ധിച്ച് എടുക്കാനുദ്ദേശിക്കുന്ന നടപടിയെപ്പറ്റി അയാൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ അവസരം നിർബന്ധമായും നൽകേണ്ടതാണ്. ഇതിലേക്കാവശ്യമായ നോട്ടീസിന്റെ ഫാറം ഇനിപ്പറയുന്ന രൂപത്തിലായിരിക്കണം.



## നോട്ടീസ്

......................................

......................................

.................................... (മേൽവിലാസം)

............................................................................................ കാരണത്താൽ ...................................................................................

നിയോജകമണ്ഡലത്തിന്റെ/ വാർഡിൻെറ വോട്ടർ പട്ടികയിൽ നിന്നും താങ്കളുടെ പേര് നീക്കം ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നതിനാൽ;

2) ഇപ്പോൾ, അതിനാൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 23-ാം വകുപ്പ് പ്രകാരം അല്ലെങ്കിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 79-ാം വകുപ്പ് പ്രകാരം, എനിക്ക് നല്കിയിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട്, താങ്കൾക്കെതിരെ മേൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടി എന്തുകൊണ്ടു എടുത്തുകൂടാ എന്നതിന് കാരണം കാണിക്കാൻ താങ്കളോട് ഇതിനാൽ ഞാൻ ആവശ്യപ്പെടുന്നു.

3) താങ്കളുടെ മറുപടി എനിക്ക് .................................. (തിയതി) ............................ മണിയോടുകൂടി കിട്ടിയിരിക്കേണ്ടതാണ്.

4) താങ്കളെ നേരിൽ കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ, താങ്കളുടെ വാദങ്ങൾക്ക് ഉപോദ്ബലകമായി ഹാജരാക്കാൻ ഉദ്ദേശിക്കുന്ന തെളിവുകൾ സഹിതം താങ്കൾ നേരിട്ടോ യഥാവിധി, അധികാരപ്പെടുത്തിയ പ്രതിനിധി മുഖേനയോ .............................. തിയതി. ............................ മണിക്കു ഹാജരാകേണ്ടതാണ്.

ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ,
.................................. പഞ്ചായത്ത് നിയോജകണ്ഡലം.
ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ,
.......................................... മുനിസിപ്പൽ വാർഡ്.

സ്ഥലം :.............................
തിയതി. : .....................

5. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷ 4-ാം നമ്പർ ഫാറത്തിലായിരിക്കണം. ഏത് വോട്ടർ പട്ടികയിലാണോ ഒരാൾ തൻെറ പേര് ചേർത്തു

കിട്ടാൻ ആഗ്രഹിക്കുന്നത് ആ വോട്ടർ പട്ടികയിൽ പേരുള്ള ഒരു വോട്ടർ പ്രസ്തുത അപേക്ഷയ്ക്ക് മേലൊപ്പ് വയ്ക്കേണ്ടതാണ്. ഉൾക്കുറിപ്പ് ഭേദഗതി ചെയ്യുന്നതിന് 6-ാം നമ്പർ ഫാറത്തിലും സ്ഥാനംമാറ്റുന്നതിന് 7-ാം നമ്പർ ഫാറത്തിലും നീക്കം ചെയ്യുന്നതിന് 8-ാം നമ്പർ ഫാറത്തിലുമാണ് (ഡ്യൂപ്ലിക്കേറ്റ് സഹിതം) അപേക്ഷിക്കേണ്ടത്.

6. വോട്ടർ പട്ടികയിലെ ഏതെങ്കിലും ഉൾക്കുറിപ്പ് ഭേദഗതിക്കോ സ്ഥാനം മാറ്റുന്നതിനോ നീക്കം ചെയ്യുന്നതിനോ, വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനോ സമർപ്പിക്കുന്ന അപേക്ഷകൾ അവ ലഭിച്ചു കഴിഞ്ഞാലുടൻതന്നെ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ അതിന്റെ ഒരു കോപ്പി തന്റെ ഓഫീസിലുള്ള നോട്ടീസ് ബോർഡിൽ ഇടേണ്ടതും അങ്ങനെയിടുന്ന തീയതി മുതൽ 7 ദിവസത്തിനകം അപേക്ഷയിന്മേലുള്ള ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് ഒരു നോട്ടീസും അതോടൊപ്പം ഇടേണ്ടതാണ്. (നോട്ടീസിന്റെ ഫാറം അനുബന്ധം 3-ൽ കാണുക)

7. നോട്ടീസ് കാലാവധി കഴിഞ്ഞാൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ അപേക്ഷകളും അതിൻമേൽ ആക്ഷേപങ്ങൾ ഏതെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അവയും പരിശോധിച്ച് ആവശ്യമായ അന്വേഷണത്തിനുശേഷം വോട്ടർ പട്ടികയിൽ പേരുൾപ്പെടുത്തുവാനോ ഏതെങ്കിലും ഉൾക്കുറിപ്പ് ഭേദഗതി ചെയ്യുന്നതിനോ സ്ഥാനം മാറ്റുന്നതിനോ നീക്കം ചെയ്യുന്നതിനോ രേഖാമൂലം നിർദ്ദേശിക്കേണ്ടതാണ്. പേരുൾപ്പെടുത്തുന്നതിനുള്ള സംഗതിയിൽ അപേക്ഷകൻ മറ്റേതെങ്കിലും ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ അങ്ങനെയുള്ള മറ്റേ നിയോജകമണ്ഡലത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥനെ വിവരം അറിയിക്കേണ്ടതും, ആ ഉദ്യോഗസ്ഥൻ അങ്ങനെ അറിയിപ്പ് കിട്ടിയാലുടൻ ആ പട്ടികയിൽ നിന്നും അപേക്ഷകന്റെ പേര് വെട്ടിക്കളയേണ്ടതുമാണ്. നിരസിക്ക പ്പെടുന്ന അപേക്ഷകളിൽ നിരസിക്കപ്പെടുന്നതിനുണ്ടായ കാരണങ്ങളുടെ ചുരുക്കത്തിലുള്ള ഒരു പ്രസ്താവന ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതാണ് (ചട്ടം 25 കാണുക). അപേക്ഷ അനുവദിക്കുകയോ നിരസിക്കപ്പെടുകയോ ചെയ്യപ്പെടുന്ന വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. 4, 6, 7, 8 എന്നീ നമ്പർ ഫാറങ്ങളിൽ അപേക്ഷകന് നൽകേണ്ട അറിയിപ്പ് ചീട്ടിന്റെ ഫാറവും ഉൾപ്പെടുത്തിയിട്ടുണ്ട്.



## അദ്ധ്യായം 7

## അതിർത്തി പുനർനിർണയത്തിൻമേൽ പുതിയ വോട്ടർ പട്ടിക

നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ അതിർത്തി പുനർനിർണയം നടത്തിയ കാരണത്താൽ, ഏതെങ്കിലും നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ പട്ടിക അടിയന്തിരമായി തയ്യാറാക്കേണ്ട ആവശ്യം വരികയാണെങ്കിൽ, അങ്ങനെ പട്ടിക തയ്യാറാക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് 23-ാം ചട്ടപ്രകാരം അധികാരമുണ്ട്. ഇങ്ങനെ ഒരവസ്ഥയിൽ, ഒരു പുതിയ നിയോജകമണ്ഡലത്തിൽ/വാർഡിൽ ഉൾപ്പെട്ടുവരുന്ന നിലവിലുള്ള നിയോജക മണ്ഡലത്തിന്റെ/വാർഡിന്റെ അല്ലെങ്കിൽ അതിന്റെ ഭാഗങ്ങളുടെ പട്ടികകൾ ഒരുമിച്ചു ചേർത്തതും അപ്രകാരം ഒരുമിച്ചാക്കുന്ന പട്ടികകളുടെ വിന്യാസത്തിലും ക്രമനമ്പരിലും ഹെഡിംഗുകളിലും ഉചിതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടും പട്ടിക തയ്യാറാക്കേണ്ടതാണ്. ചട്ടങ്ങളിൽ 21-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള വിധത്തിൽ അപ്രകാരം തയ്യാറാക്കിയ പട്ടികകൾ പ്രസിദ്ധീകരിക്കേണ്ടതും, അപ്രകാരം പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ അത് പുതിയ നിയോജകമണ്ഡലത്തിന്റെ/ വാർഡിന്റെ വോട്ടർ പട്ടികയായി തീരുന്നതുമാണ്.

# അദ്ധ്യായം 8

## അപ്പീലുകൾ

### അപ്പലേറ്റ് അധികാരി

വോട്ടർപട്ടിക തയ്യാറാക്കുകയോ പുതുക്കുകയോ ചെയ്യുന്ന പ്രക്രിയയിൽ, 1994 - ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 18,19,20 എന്നീ ചട്ടങ്ങൾക്കു കീഴിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻമാർ എടുക്കുന്ന ഏതു തീരുമാനത്തിൻമേലും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അപ്പീൽ അധികാരിയായി സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, റീജിയണൽ ജോയിന്റ് ഡയറക്ടർ, (അർബൻ അഫയേഴ്സ്) മുൻപാകെ, അതത് സംഗതിപോലെ, അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. ഏത് ഉത്തരവിനെതിരായാണോ അപ്പീൽ ബോധിപ്പിക്കുന്നത് ആ ഉത്തരവിന്റെ ഒരു കോപ്പിയും, രണ്ടു രൂപ ഫീസ് നോൺ ജുഡീഷ്യൽ സ്റ്റാമ്പായോ , കോർട്ടുഫീ സ്റ്റാമ്പായോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന രീതിയിലോ അപ്പീലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. (അനുബന്ധം 4 കാണുക)

2. എന്നാൽ അപ്പീൽവാദി, രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ മുൻപാകെ പറയാനുള്ളത് പറയാനോ അല്ലെങ്കിൽ നിവേദനം സമർപ്പിക്കുന്നതിനോ ഉള്ള അവകാശം പ്രയോജനപ്പെടുത്തിയിട്ടില്ലെങ്കിൽ അപ്പീൽ ബോധിപ്പിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. അപ്പീൽ സമർപ്പിച്ചു എന്ന കാരണത്താൽ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നത് നിർത്തിവയ്ക്കുകയോ മാറ്റിവയ്ക്കുകയോ ചെയ്യേണ്ടതില്ല. അപ്പീൽ ഒരു മെമ്മോറാണ്ടത്തിന്റെ രൂപത്തിലായിരിക്കേണ്ടതും അപ്പീൽവാദി അതിൽ ഒപ്പിടേണ്ടതുമാണ്. അത് അപ്പലേറ്റ് ഉദ്യോഗസ്ഥന് നേരിട്ടോ രജിസ്റ്റേർഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കാവുന്നതാണ്. ഈ രണ്ടു സംഗതികളിലും രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ തീരുമാനം അറിയിച്ചുകൊണ്ടുള്ള തീയതി മുതൽ 15 ദിവസത്തിനകം അപ്പീൽ അപ്പലേറ്റ് ഉദ്യോഗസ്ഥന് ലഭിച്ചിരിക്കണം. അപ്പീൽ ലഭിച്ചുകഴിഞ്ഞാൽ, അത് നിർണയിക്കപ്പെട്ട സമയത്തിനകത്തും ആവശ്യപ്പെട്ടിരിക്കുന്ന രീതിയിലും സമർപ്പിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥൻ സ്വയം ബോദ്ധ്യപ്പെടണം. കാലഹരണപ്പെട്ടതോ നിർണയിക്കപ്പെട്ട രീതിയിൽ അല്ലാത്തതോ ആയ അപ്പീലുകൾ ഉടനടി നിരസിക്കേണ്ടതാണ്. അപ്പീൽ ക്രമത്തിലാണെങ്കിൽ അപ്പലേറ്റ് ഉദ്യോഗസ്ഥൻ കേസ് റെക്കാർഡുകൾ ആവശ്യപ്പെടേണ്ടതാണ്. അപ്പീലിൻമേൽ തന്റെ അന്തിമ തീരുമാനം രേഖപ്പെടുത്തുന്നതിനു മുമ്പായി അപ്പീൽ വാദിക്ക് പറയുവാനുള്ളത് പറയാൻ ന്യായമായ അവസരം നൽകേണ്ടതാണ്. അപ്പലേറ്റ് ഉദ്യോഗസ്ഥന്റെ ഉത്തരവ് അന്തിമമായിരിക്കും. ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറുടെ തീരുമാനം അപ്പലേറ്റ് ഉദ്യോഗസ്ഥൻ രൂപഭേദപ്പെടുത്തുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ, അപ്പലേറ്റ് ഉദ്യോഗസ്ഥന്റെ തീരുമാനത്തിന് അദ്ദേഹം ആ തീരുമാനം എടുക്കുന്ന ദിവസം മുതൽ മാത്രമേ പ്രാബല്യമുണ്ടാകുകയുള്ളു. അപ്പീലിൻമേൽ 3 ദിവസത്തിനകം തീർപ്പ് കൽപ്പിക്കണം. അപ്പലേറ്റ് ഉദ്യോഗസ്ഥന്റെ ഉത്തരവ് ലഭിച്ചുകഴിഞ്ഞാൽ നോമിനേഷൻ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാനതീയതിക്കുമുമ്പായിട്ടാണ് അത് കിട്ടുന്നതെങ്കിൽ ആ തീരുമാനം നടപ്പിലാക്കാൻ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ വോട്ടർപട്ടികയിൽ ഭേദഗതി വരുത്തേണ്ടതാണ്.

### ഉത്തരവിൻമേലുള്ള അപ്പീൽ

3. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 23, 24 എന്നീ വകുപ്പുകൾ പ്രകാരമോ/ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 79, 80 എന്നീ വകുപ്പുകൾ പ്രകാരമോ ഒരപേക്ഷ നിരസിച്ചതിനെതിരെയുള്ള ഒരു അപ്പീൽ (വോട്ടർ പട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ പ്രസിദ്ധീകരിച്ച സമയ വിവര പട്ടിക നിലവിലില്ലാത്ത സമയത്ത് സമർപ്പിക്കുന്ന അപേക്ഷ നിരസിച്ചതിനെതിരെയുള്ള) അങ്ങനെ നിരസിച്ച തിയതി മുതൽ 15 ദിവസത്തിനകം ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. അപ്പീൽ, അപ്പീൽവാദി ഒപ്പുവച്ച ഒരു മെമ്മോറാണ്ടത്തിന്റെ രൂപത്തിലായിരിക്കേണ്ടതും ഏത് ഉത്തരവിനെതിരായാണോ അപ്പീൽ ബോധിപ്പിക്കുന്നത് ആ ഉത്തരവിന്റെ ഒരു കോപ്പിയും 10 രൂപ ഫീസും അതോടൊപ്പമുണ്ടായിരിക്കേണ്ടതുമാണ്. ഫീസ് നോൺജുഡീഷ്യൽ

സ്റ്റാമ്പുകളായോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന രീതിയിലോ നൽകണം. ഫീസ് കൊടുത്തുവെന്നതിന് തെളിവായി ഉദ്യോഗസ്ഥൻ നൽകിയ രസീത് അപ്പീലിനോടൊപ്പം വയ്ക്കണം. ഏതു ഉത്തരവിനെതിരായാണോ അപ്പീൽ ബോധിപ്പിക്കുന്നത്, ആ ഉത്തരവിന്റെ തീയതി മുതൽ 15 ദിവസത്തിനകത്ത്, നേരിട്ടോ അല്ലെങ്കിൽ രജിസ്റ്റേർഡ് പോസ്റ്റായോ, ആ കാലയളവിനുള്ളിൽ അപ്പലേറ്റ് അധികാരിക്ക് കിട്ടത്തക്ക വണ്ണം അപ്പീൽ സമർപ്പിച്ചിരിക്കണം. എന്നാൽ തക്കതായ കാരണത്താലാണ് സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കാൻ കഴിയാത്തത് എന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് ബോധ്യമായാൽ അപ്പീൽ സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസം മാപ്പാക്കാവുന്നതാണ്.



# അദ്ധ്യായം ൭

## വോട്ടർ പട്ടികകളുടെയും ബന്ധപ്പെട്ട കടലാസുകളുടെയും സൂക്ഷിപ്പും സംരക്ഷണവും

**1.** ഏതെങ്കിലും നിയോജകമണ്ഡലത്തിന്റെ വോട്ടർ പട്ടിക അന്തിമമായി പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ഇനിപ്പറയുന്ന കടലാസ്സുകൾ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസറുടെ ഓഫീസിലോ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഇതിലേയ്ക്കായി പ്രത്യേക ഉത്തരവ് വഴി നിർദ്ദേശിക്കുന്ന സ്ഥലത്തോ പ്രസ്തുത പട്ടികയുടെ അടുത്ത് വരുന്ന സമഗ്രമായ പുതുക്കൽ കഴിഞ്ഞ് ഒരു വർഷം കഴിയുന്നതുവരെ, ഭദ്രമായി സൂക്ഷിക്കേണ്ടതാണെന്ന് 27-ാം ചട്ടം അനുശാസിക്കുന്നു.

(എ) വോട്ടർ പട്ടികയുടെ ഒരു പ്രതി

(ബി) 6-ാം ചട്ടപ്രകാരം രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കപ്പെട്ട പ്രസ്താവനകൾ

(സി) എന്യൂമറേഷൻ ഫാറങ്ങളുടെ രജിസ്റ്റർ

(ഡി) പട്ടിക തയ്യാറാക്കലുമായി ബന്ധപ്പെട്ട അപേക്ഷകൾ

(ഇ) എന്യൂമറേറ്റിംഗ് ഏജൻസികൾ തയ്യാറാക്കിയതും പട്ടിക തയ്യാറാക്കുന്നതിന് ഉപയോഗിച്ചതുമായ കയ്യെഴുത്ത് ഭാഗങ്ങൾ

(എഫ്) അവകാശവാദങ്ങളും ആക്ഷേപങ്ങളും സംബന്ധിച്ച കടലാസുകൾ

(ജി) 22 -ാം ചട്ട പ്രകാരമുള്ള അപ്പീലുമായി ബന്ധപ്പെട്ട കടലാസുകൾ

(എച്ച്) കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 23, 24 എന്നീ വകുപ്പുകൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 79, 80 വകുപ്പുകൾ പ്രകാരവുമുള്ള അപേക്ഷകൾ

2. ഓരോ നിയോജകമണ്ഡലത്തിന്റെയും/വാർഡിന്റെയും വോട്ടർപട്ടികയുടെ രജിസ്ട്രേഷൻ ആഫീസർ സാക്ഷ്യപ്പെടുത്തിയ ഒരു മുഴുവൻ പ്രതിയും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥിരം രേഖയായി സൂക്ഷിക്കേണ്ടതാണ്. 27-ാം ചട്ടം പ്രകാരം സൂക്ഷിക്കുന്ന രേഖകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കേണ്ടതാണ്.

3. മേൽ പരാമർശിക്കപ്പെട്ട വോട്ടർപട്ടികയുമായി ബന്ധപ്പെട്ട കടലാസുകൾ പരിശോധിക്കുന്നതിനും നിശ്ചയിക്കപ്പെട്ട ഫീസുകൾ നൽകി അവയുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ നേടുന്നതിനും ഓരോ വ്യക്തിക്കും അവകാശമുണ്ടായിരിക്കുമെന്ന് 28-ാം ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ സാഹചര്യത്തിൽ വോട്ടർപട്ടികയും അതുമായി ബന്ധപ്പെട്ട കടലാസുകളും സൂക്ഷിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

4. 27-ാം ചട്ടത്തിൽ പരാമർശിക്കപ്പെട്ട കടലാസുകൾ പ്രസ്തുത ചട്ടത്തിൽ പറയുന്ന കാലാവധി കഴിഞ്ഞശേഷം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പൊതുവായതോ പ്രത്യേകമായതോ ആയ നിർദ്ദേശങ്ങൾക്കു വിധേയമായി, ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന പ്രകാരം നശിപ്പിക്കേണ്ടതാണ്.

## പോളിംഗ് ടീമിന് നൽകുന്ന വോട്ടർപട്ടികകളുടെ അടയാളമിട്ട കോപ്പികൾ

5 തിരഞ്ഞെടുപ്പ് നടത്തുന്ന പോളിംഗ് ബൂത്തിനെ സംബന്ധിക്കുന്ന വോട്ടർ പട്ടികയുടെ പ്രസക്ത ഭാഗത്തിന്റെ നാലു സെറ്റുകൾ ഒരോ പോളിംഗ് ടീമിനും നൽകേണ്ടതാണ്. ഈ സെറ്റുകളെല്ലാം സമാനമായിരിക്കണം. അതായത് ഒരോ സെറ്റിലും -



(എ) അടിസ്ഥാന പട്ടികയിൽ ഒഴിവാക്കലുകൾ മഷിയിൽ കാണിച്ചിരിക്കണം

(ബി) തെറ്റുകളെ സംബന്ധിക്കുന്ന സപ്ലിമെന്റുകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന പട്ടികയിലെ ഉൾക്കുറിപ്പുകളിൽ തിരുത്തലുകൾ നടത്തിയിരിക്കണം.

(സി). ഇലക്ഷൻ ഡ്യൂട്ടി സർട്ടിഫിക്കറ്റും (ഇ.ഡി.സി.), പോസ്റ്റൽ ബാലറ്റുകളും (പി.ബി) നൽകിയിട്ടുള്ള വോട്ടർമാരുടെ പേരുകൾക്കെതിരെ, ഇ.ഡി.സി.യും പിബിയും സംബന്ധിക്കുന്ന ഉൾക്കുറിപ്പുകൾ ചേർത്തിരിക്കണം.

6. അങ്ങനെയുള്ള സെറ്റുകളിൽ ഒന്ന് പോളിംഗ് ബൂത്തിൽ, അടയാളമിട്ട കോപ്പിയായി ഉപയോഗിക്കേണ്ടതും, ഈ കോപ്പി സുരക്ഷിതമായി സൂക്ഷിക്കേണ്ടതുമാണ്. വോട്ടിംഗ് ആരംഭിക്കുന്നതിനു മുൻപ് ഹാജരുള്ള ഏജന്റുമാരെയും സ്ഥാനാർത്ഥികളെയും, അവർക്ക് ഉൾക്കുറിപ്പുകളും ഒഴിവാക്കലുകളും തിരുത്തലുകളും താരതമ്യം ചെയ്യുന്നതിനും ആവശ്യമെങ്കിൽ, അവരുടെ കോപ്പികളിൽ കുറിച്ചിടുന്നതിനും സാധിക്കത്തക്കവണ്ണം, അവശേഷിക്കുന്ന സെറ്റുകളിൽ ഒന്നോ രണ്ടോ എണ്ണം കാണിക്കാവുന്നതാണ്. ഈ കോപ്പികൾ വോട്ടിംഗ് തീരുന്നതുവരെ പൊതുജനങ്ങളുടെ അറിവിലേക്കായി, പോളിംഗ് ബൂത്തിനു സമീപം പ്രദർശിപ്പിക്കേണ്ടതുമാണ്.

7. പട്ടികയിൽ നടത്തിയിട്ടുള്ള ഉൾക്കുറിപ്പുകളിൽ ഒരോന്നിനെയും പറ്റി വിശദീകരിക്കാൻ പ്രിസൈഡിംങ് ആഫീസർമാർക്ക് സാധിക്കണം; ഈ ആവശ്യത്തി ലേക്ക് ഒഴിവാക്കലുകളേയും, കൂട്ടിച്ചേർക്കലുകളേയും തിരുത്തലുകളേയും സംബന്ധിക്കുന്ന എല്ലാ സപ്ലിമെന്റുകളും പ്രിസൈഡിംങ് ആഫീസർമാർക്ക് നൽകേണ്ടതാണ്.

8. പോളിംഗിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുമ്പോൾ, മേൽപറഞ്ഞ നിർദ്ദേശങ്ങൾ അവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

## അദ്ധ്യായം 10

## ഓൺലൈൻ അപേക്ഷകൾ

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും മറ്റും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ താഴെപ്പറയുന്ന പ്രത്യേകമായ നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

**1. പ്രത്യേക നടപടി ക്രമങ്ങൾ**

കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം അതിൻമേലുള്ള അവകാശവാദങ്ങളും ആക്ഷേപങ്ങളും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അവകാശവാദ അപേക്ഷയും, നിലവിലുള്ള ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ആക്ഷേപവും, നിലവിലുള്ള ഉൾക്കുറിപ്പിന്റെ സ്ഥാനമാറ്റത്തിനു വേണ്ടിയുള്ള അപേക്ഷയും യഥാക്രമം ഫോറം 4, ഫോറം 6, ഫോറം 7 എന്നിവയിൽ ഓൺലൈനിലൂടെയാണ് സമർപ്പിക്കേണ്ടത്. എന്നാൽ വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപമോ പേര് ഉൾപ്പെടുത്തിയതിന്മേലുള്ള ആക്ഷേപമോ ഫാറം 5-ൽ നിലവിലുള്ള രീതിയിൽ നേരിട്ടോ തപാൽ മുഖേനയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**1. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ.**

1) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.lsgelection.kerala.gov.in/eroll എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷ ഫാറം (നമ്പർ. 4) തിരഞ്ഞെടുക്കണം.



2) 4-ാം നമ്പർ ഫാറത്തിലെ combo box-കളിൽ നിന്നും ജില്ല, തദ്ദേശസ്വയം ഭരണ സ്ഥാപനം, നിയോജക മണ്ഡലം/വാർഡ്, ഭാഗം നമ്പർ എന്നിവ ക്രമത്തിൽ തിരഞ്ഞെടുക്കണം (select ചെയ്യണം). അതിന് ശേഷം പേര്, രക്ഷകർത്താവിന്റെ പേര്, ലിംഗം, മേൽവിലാസം, വയസ്സ് തുടങ്ങിയ മറ്റ് വിവരങ്ങൾ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തണം.

3) ഫോറം നമ്പർ 4-ലെ എല്ലാ കോളങ്ങളിലും ഡേറ്റാ എൻട്രി വരുത്തേണ്ടതാണ്. അപേക്ഷകന്റെ പേര് മറ്റൊരു പഞ്ചായത്തിൽ/മുൻസിപ്പാലിറ്റിയിൽ/മുൻസിപ്പൽ കോർപ്പറേഷനിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള ഭാഗം കൃത്യമായും പൂരിപ്പിക്കേണ്ടതാണ്.

4) പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷയിൽ ഏതു വോട്ടർ പട്ടികയിലാണ് പേര് ചേർക്കാൻ ആഗ്രഹിക്കുന്നത് ആ വോട്ടർപട്ടിയിൽ ഇതിനോടകം പേര് ഉൾപ്പെട്ടിട്ടുള്ള അപേക്ഷകന്റെ കുടുംബാംഗത്തിന്റേയോ തൊട്ടടുത്ത താമസക്കാരന്റെയോ പേരും വോട്ടർപട്ടികയിലെ ആ ആളിന്റെ ക്രമനമ്പറും കൂടി ചേർക്കേണ്ടതാണ്.

5) ഓൺലൈൻ അപേക്ഷ അയയ്ക്കുമ്പോൾ തന്നെ ഫാറം 12-ൽ അപേക്ഷകന് തീയതിയും സമയവും സ്ഥലവും നിശ്ചയിച്ച് കമ്പ്യൂട്ടർ തയ്യാറാക്കിയ ഹീയറിംഗ് നോട്ടീസ് ലഭിക്കുന്നതാണ്.

6) പ്രസ്തുത നോട്ടീസ് പ്രകാരം ബന്ധപ്പെട്ട രേഖകളും ആറുമാസത്തിനുള്ളിൽ എടുത്ത അപേക്ഷകന്റെ പാസ്പോർട്ട് സൈസിലുള്ള ഫോട്ടോയുമായി അപേക്ഷകൻ നിശ്ചിത സമയത്ത് തന്നെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ നേർവിചാരണയ്ക്ക് ഹാജരാകണം. ഓൺലൈൻ അപേക്ഷ അയയ്ക്കുമ്പോൾ തന്നെ ഫോട്ടോ കൂടി അപ്‌ലോഡ് ചെയ്യുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതും അങ്ങനെയാണെങ്കിൽ ഫോട്ടോ ഹാജരാക്കേണ്ടത് ആവശ്യമില്ലാത്തതുമാണ്.

**2. വോട്ടർപട്ടികയിലെ ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരേയുള്ള ആക്ഷേപം.**

1) വോട്ടർ പട്ടികയിലുള്ള ഒരു സമ്മതിദായകന്റെ പേരിലോ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള മറ്റു വിശദാംശത്തിലോ വിശദാംശങ്ങളിലോ തിരുത്തലുകൾ ആവശ്യ

മായി വരുന്നെങ്കിൽ അവയ്ക്കുള്ള അപേക്ഷ ഫോറം 6-ൽ ഓൺലൈനായി സമർപ്പിക്കണം.

2) വോട്ടർപട്ടികയിൽ സമ്മതിദായകനെ സംബന്ധിച്ചുള്ള ഉൾക്കുറിപ്പിലെ വിശദാംശമോ വിശദാംശങ്ങളോ തിരുത്തുന്നതിലേയ്ക്കായി ആരുടെ ഉൾക്കുറിപ്പിലെ വിശദാംശങ്ങളാണോ തിരുത്തേണ്ടുന്നത് ആ വ്യക്തി തന്നെ 6-ാം ഫാറത്തിൽ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

3) ജില്ല; ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ; നിയോജകമണ്ഡലം/ വാർഡ്; ഭാഗം(പാർട്ട്) എന്നിവ ക്രമത്തിൽ തിരഞ്ഞെടുത്തശേഷം മറ്റ് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ഓൺലൈൻ അപേക്ഷ അയയ്ക്കണം.

4) അപേക്ഷ അയയ്ക്കുന്ന വേളയിൽ തന്നെ തീയതി, സമയം, സ്ഥലം എന്നിവ നിശ്ചയിച്ച് കമ്പ്യൂട്ടർ തയ്യാറാക്കുന്ന ഫാറം 15-ലെ ഹീയറിംഗ് നോട്ടീസ് അപേക്ഷകന് ലഭിക്കും. അതു പ്രകാരം അപേക്ഷകൻ ബന്ധപ്പെട്ട രേഖകളുമായി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ നിശ്ചിത സമയത്ത് ഹാജരായി രേഖകൾ സമർപ്പിക്കുകയോ വിവരങ്ങൾ ബോധിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

**3. വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകളുടെ സ്ഥാനമാറ്റത്തിന് വേണ്ടിയുള്ള അപേക്ഷ**

1) ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ വോട്ടർപട്ടികയുടെ ഒരു ഭാഗത്ത് നിന്നും വോട്ടറെ സംബന്ധിച്ചുള്ള ഉൾക്കുറിപ്പുകളുടെ സ്ഥാന മാറ്റത്തിനുള്ള അപേക്ഷ ഫോറം 7-ൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ആരുടെ ഉൾക്കുറിപ്പാണോ സ്ഥാനമാറ്റം ചെയ്യേണ്ടത് ആ സമ്മതിദായകൻ തന്നെ പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2) ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ ഒരു നിയോജകമണ്ഡലത്തിലെ/വാർഡിലെ സമ്മതിദായകനെ സംബന്ധിച്ചുള്ള ഉൾക്കുറിപ്പുകൾ അതേ സ്ഥാപനത്തിലെ മറ്റൊരു നിയോജക മണ്ഡലത്തിലേയ്ക്ക്/വാർഡിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷയും ഫാറം 7-ൽ ഓൺലൈനിലൂടെ വേണം സമർപ്പിക്കേണ്ടത്.



3) മേൽപ്പറഞ്ഞ പ്രകാരം അപേക്ഷകൾ അയയ്ക്കുമ്പോൾ തന്നെ ഫോറം 15 എ-യിൽ നേർവിചാരണയ്ക്കുള്ള നോട്ടീസ് അപേക്ഷകന് ലഭിക്കും. അതുപ്രകാരം നിശ്ചിത സമയത്ത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ മുമ്പാകെ ഹാജരായി വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകൾക്ക് സ്ഥാന മാറ്റം ആവശ്യമായി വരുന്ന സംഗതി തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കേണ്ടതാണ്.

**4. വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തിയത്/ പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപം**

വോട്ടർപട്ടികയിൽ സമ്മദിദായകന്റെ പേര് ഉൾപ്പെടുത്തിയതിൻ മേലുള്ള ആക്ഷേപങ്ങളും പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപങ്ങളും ഫോറം 5 -ൽ നേരിട്ടോ തപാൽ മുഖേനയോ ആണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടത്. കൂടാതെ, വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സമ്മതിദായകൻ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിനുള്ള അപേക്ഷ ഫോറം 8-ൽ നേരിട്ടോ തപാലിലൂടെയോ വേണം നൽകേണ്ടത്.

**5. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ പാലിക്കേണ്ട നടപടിക്രമങ്ങൾ**

1) വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് ഫോറം 4-ൽ ഓൺലൈനായി അപേക്ഷ അയയ്ക്കുമ്പോൾ തന്നെ നേർവിചാരണയ്ക്കുള്ള തീയതി, സമയം, സ്ഥലം എന്നിവ കാണിച്ച് കൊണ്ട് കമ്പ്യൂട്ടർ തയ്യാറാക്കുന്ന ഫാറം 12-ലെ നോട്ടീസ് അപേക്ഷകന് ഓൺലൈനായി ലഭിക്കും.

2) വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനുള്ള ഫോറം 6-ലെ ആക്ഷേപങ്ങൾക്കും ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു നിയോജകമണ്ഡലത്തിലെ (വാർഡിലെ) ഉൾക്കുറിപ്പ് വിശദാംശങ്ങൾ ഒരു ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്തേയ്ക്ക് സ്ഥാനമാറ്റം ചെയ്യുന്നതിനോ അഥവാ ഒരു നിയോജക മണ്ഡലത്തിലെ ഉൾക്കുറിപ്പ് വിശദാംശങ്ങൾ മറ്റൊരു നിയോജക മണ്ഡലത്തിലേയ്ക്ക് സ്ഥാനമാറ്റം ചെയ്യുന്നതിനോ വേണ്ടിയുള്ള ഫോറം 7-ലെ അപേക്ഷകൾക്കും ഫോറം നമ്പർ 15, 15 എ എന്നിവയിൽ മേൽപ്പറഞ്ഞ പ്രകാരം അപേക്ഷകർക്ക് നോട്ടീസ് ലഭിക്കും.

3) ഓരോ ദിവസവും ഓൺലൈനായി ലഭിക്കുന്ന അപേക്ഷകളും/ആക്ഷേപങ്ങളും നോട്ടീസുകളുടെ പകർപ്പും ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീ

സർമാർ പ്രിന്റ് എടുത്ത് നിശ്ചിത സമയത്ത് നേർവിചാരണ നടത്തുന്നതിനായി സൂക്ഷിക്കേണ്ടതാണ്.

4) ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് നേർവിചാരണയ്ക്കുള്ള നോട്ടീസ് ലഭിച്ചിട്ടുണ്ടെന്ന് എസ്.എം.എസ് (SMS) മുഖേനയോ ഫോണിലൂടെയോ മറ്റോ ബന്ധപ്പെട്ട് ഉറപ്പാക്കേണ്ടതാണ്.

5) മേൽപ്പറഞ്ഞ പ്രകാരം ഓരോ ദിവസവും 4-ാം നമ്പർ ഫോറത്തിൽ ലഭിക്കുന്ന അപേക്ഷകളുടെ സംക്ഷിപ്ത രൂപം ഫോറം നമ്പർ 9-ലും ഫോറം 6-ലും ഫോറം 7-ലും ലഭിക്കുന്ന മറ്റ് അപേക്ഷകളുടെയും ആക്ഷേപങ്ങളുടെയും സംക്ഷിപ്തം ഫോറം നമ്പർ 11-ലും വെവ്വേറെ അതാത് ദിവസം തന്നെ പ്രസിദ്ധീകരിക്കേണ്ടതാണ്. ഇത്തരം ഫോറങ്ങളും കമ്പ്യൂട്ടർ തയ്യാറാക്കുന്നതാണ്. എന്നാൽ ഫാറം 5-ൽ ലഭിക്കുന്ന ആക്ഷേപങ്ങളുടെ സംക്ഷിപ്തം ഫാറം നമ്പർ 10-ൽ തയ്യാറാക്കണം.

6) വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനോ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനോ ഉൾക്കുറിപ്പ് വിശദാംശങ്ങൾ സ്ഥാനമാറ്റം ചെയ്യുന്നതിനോ വേണ്ടി അപേക്ഷകരെ/ആക്ഷേപകരെ നേരിൽ കേൾക്കുന്ന വേളയിൽ ഡൗൺലോഡ് ചെയ്തിട്ടുള്ള അപേക്ഷകളുടെ പ്രിന്റിൽ ബന്ധപ്പെട്ട അപേക്ഷകരുടെ ഒപ്പ് വാങ്ങേണ്ടതാണ്.

7) ഇത്തരത്തിൽ ഡൗൺലോഡ് ചെയ്തിട്ടുള്ള പേര് ഉൾപ്പെടുത്തുന്നതിനുള്ള ഫാറം 4-ലെ അപേക്ഷയിൽ അപേക്ഷകന്റെ ആറു മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി ഒട്ടിക്കേണ്ടതാണ്.

8) അപേക്ഷകരെ/ആക്ഷേപകരെ നേരിട്ട് കേട്ട് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് കേരള പഞ്ചായത്ത് രാജ്/ കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെയും ഇലക്ടറൽ രജിസ്ട്രേഷൻ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

9) പേര് ഉൾപ്പെടുത്തുന്നതിന് അപേക്ഷിച്ചിട്ടുള്ള സംഗതിയിൽ വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് അർഹതയുള്ളവരുടെ ഫോട്ടോ കൂടി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അപ്‌ലോഡ് ചെയ്യേണ്ടതാണ്.



9) മേൽപ്പറഞ്ഞ പ്രകാരം അപേക്ഷകളിൻ മേൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കുന്ന നടപടി വിവരങ്ങൾ ഓൺലൈൻ അപേക്ഷയിൽ ഡേറ്റാ എൻട്രി വരുത്തേണ്ടതാണ്.

10) പേര് ഉൾപ്പെടുത്തിയത് അല്ലെങ്കിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നേരിട്ടോ തപാലിലൂടെയോ ലഭിക്കുന്ന 5-ാം ഫാറത്തിലെ അപേക്ഷകളെ സംബന്ധിച്ച് നേർവിചാരണ നടത്തുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഫാറം 13-ലും 14-ലും നോട്ടീസ് നൽകേണ്ടതും അവയിന്മേൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വീകരിച്ച നടപടി വിവരങ്ങൾ ഓൺലൈനായി നിശ്ചിത ഫോറത്തിൽ എൻട്രി വരുത്തേണ്ടതുമാണ്.

## 6. രേഖകളുടെ സൂക്ഷിപ്പ്

ഓൺലൈനായി ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകൾക്കും ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഓൺലൈനായി ലഭിച്ചിട്ടുള്ള എല്ലാ ഫോറങ്ങളുടേയും പ്രിന്റ് എടുത്ത് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ സൂക്ഷിക്കേണ്ടതും മുൻ അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന വിധമുള്ള അന്വേഷണം എല്ലാ അപേക്ഷകളിന്മേലും ആക്ഷേപങ്ങളിന്മേലും ആവശ്യമെങ്കിൽ നടത്തേണ്ടതാണ്. കൂടാതെ എല്ലാ അപേക്ഷകരെയും ആക്ഷേപകരെയും കേട്ടശേഷം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അവയുടെ കാരണങ്ങൾ സഹിതം പ്രസ്തുത ഫോറങ്ങളിൽത്തന്നെ രേഖപ്പെടുത്തേണ്ടതും എടുത്ത നടപടി സംബന്ധിച്ച വിവരം അപേക്ഷകരെയും ആക്ഷേപകരെയും അറിയിക്കേണ്ടതുമാണ്. ഓൺലൈനായി ലഭിച്ചിട്ടുള്ള അപേക്ഷകളും അവയിൽ രജിസ്ട്രേഷൻ ആഫീസർ പുറപ്പെടുവിച്ച ഉത്തരവുകളും അടങ്ങിയ ഫോറങ്ങൾക്കും സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 27-ൽ പ്രതിപാദിച്ചിട്ടുള്ള കടലാസുകളുടെ സൂക്ഷിപ്പും സംരക്ഷണവും സംബന്ധിച്ച വ്യവസ്ഥകൾ ബാധകമാണ്. (അധ്യായം 9 കാണുക)

# അനുബന്ധം 1

(അദ്ധ്യായം 2 ഖണ്ഡിക 10 കാണുക)

## ഫോറം 1

(ചട്ടം 3 കാണുക)

## പഞ്ചായത്ത് തിരഞ്ഞെടുപ്പ്

## വോട്ടർ പട്ടിക 201...

ജില്ല [ ]

| | | | |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് (നമ്പരും, പേരും) | | |
| 2 | നിയോജക മണ്ഡലം (നമ്പരും, പേരും) | | |
| 3 | ഭാഗം നമ്പർ | | |
| 4 | പോളിംഗ് സ്റ്റേഷൻ | നമ്പരും, പേരും | |
| | | പോളിംഗ് പ്രദേശം | വീട്ടുനമ്പർ .... മുതൽ ..... വരെ |
| 5 | ബ്ലോക്ക് പഞ്ചായത്ത് | നമ്പരും, പേരും | |
| | | നിയോജക മണ്ഡലത്തിന്റെ നമ്പരും, പേരും | |
| 6 | ജില്ലാ പഞ്ചായത്ത് | നമ്പരും, പേരും | |
| | | നിയോജക മണ്ഡലത്തിന്റെ നമ്പരും, പേരും | |
| 7 | സംവരണം | ഗ്രാമപഞ്ചായത്ത് | |
| | | ബ്ലോക്ക് പഞ്ചായത്ത് | |
| | | ജില്ലാ പഞ്ചായത്ത് | |
| 8 | യോഗ്യതാ തീയതി | | |
| 9 | വോട്ടർപട്ടിക പ്രസിദ്ധീകരിച്ച തീയതി | | |
| 10 | വോട്ടർമാർ (എണ്ണം) | പുരുഷൻമാർ | |
| | | സ്ത്രീകൾ | |
| | | ആകെ | |

.................................................ജില്ല .................................. ഗ്രാമപഞ്ചായത്ത് .....................................

നിയോജക മണ്ഡലം

## വോട്ടർ പട്ടിക 201...

ഭാഗം നമ്പർ: [ ]

| | | |
|---|---|---|
| Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : |

01-01-2015-ൽ പൂർത്തിയായ വയസ്സ് തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ



## കൂട്ടിച്ചേർക്കലുകൾ

| | | |
|---|---|---|
| Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : |

## തിരുത്തലുകൾ

| ഉൾക്കുറിപ്പിൻെറ ക്രമ നമ്പർ | സമ്മതിദായകൻെറ പേര് | നിലവിലുള്ള ഉൾക്കുറിപ്പ് | പകരമായി വായിക്കേണ്ടത് (ശരിയായ ഉൾക്കുറിപ്പ്) |
|---|---|---|---|
| (1) | (2) | (3) | (4) |

## ഒഴിവാക്കലുകൾ

| | | |
|---|---|---|
| Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : |

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ

# അനുബന്ധം 2

(അദ്ധ്യായം 2 ഖണ്ഡിക 10 കാണുക)

## ഫോറം 1

(ചട്ടം 3 കാണുക)

## മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ്

## വോട്ടർ പട്ടിക 201...

| | | | |
|---|---|---|---|
| 1 | മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ (നമ്പരും, പേരും) | | |
| 2 | വാർഡ് (നമ്പരും, പേരും) | | |
| 3 | ഭാഗം നമ്പർ | | |
| 4 | പോളിംഗ് സ്റ്റേഷൻ | നമ്പരും, പേരും | |
| | | പോളിംഗ് പ്രദേശം | വീട്ടുനമ്പർ .... മുതൽ ..... വരെ |
| 5 | സംവരണം | | |
| 6 | യോഗ്യതാ തീയതി | | |
| 7 | വോട്ടർപട്ടിക പ്രസിദ്ധീകരിച്ച തീയതി | | |
| 8 | വോട്ടർമാർ (എണ്ണം) | പുരുഷൻമാർ | |
| | | സ്ത്രീകൾ | |
| | | ആകെ | |

..................................................ജില്ല .............................. കോർപ്പറേഷൻ/മുനിസിപ്പാലിറ്റി.........................
വാർഡ്

## വോട്ടർ പട്ടിക 201...

ഭാഗം നമ്പർ:

| | | |
|---|---|---|
| Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : |

01-01-2015-ൽ പൂർത്തിയായ വയസ്സ് തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ



## കൂട്ടിച്ചേർക്കലുകൾ

| | | |
|---|---|---|
| Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : |

## തിരുത്തലുകൾ

| ഉൾക്കുറിപ്പിൻെറ ക്രമ നമ്പർ | സമ്മതിദായകൻെറ പേര് | നിലവിലുള്ള ഉൾക്കുറിപ്പ് | പകരമായി വായിക്കേണ്ടത് (ശരിയായ ഉൾക്കുറിപ്പ്) |
|---|---|---|---|
| (1) | (2) | (3) | (4) |

## ഒഴിവാക്കലുകൾ

| | | |
|---|---|---|
| Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : | Sl.No. ഫോട്ടോ<br>പേര് :<br>അച്ഛൻ/അമ്മ/<br>കാരണവർ/ഭർത്താവ് :<br>വാർഡ് & വീട്ടു നമ്പർ :<br>വീട്ടു പേര് :<br>പുരുഷൻ/സ്ത്രീ & വയസ് : |

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ

# അനുബന്ധം 3

(അദ്ധ്യായം 6 ഖണ്ഡിക 6 കാണുക)

## നോട്ടീസ്

(1994-ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ 25-ാം ചട്ടമനുസരിച്ച്)

ഇതോടൊപ്പം പരസ്യപ്പെടുത്തിയിട്ടുള്ള അപേക്ഷയ്ക്കെതിരായി എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ, അത് താഴെ ഒപ്പുവച്ചിട്ടുള്ള ഉദ്യോഗസ്ഥന് ഏഴ് ദിവസത്തിനകം കിട്ടത്തക്കവിധം അയയ്ക്കേണ്ടതാണ്.

......................................

നിയോജകമണ്ഡലത്തിന്റെ/
വാർഡിന്റെ ഇലക്ടറൽ രജിസ്ട്രേഷൻ
ഉദ്യോഗസ്ഥൻ

................................................ പഞ്ചായത്ത്/മുനിസിപ്പാലിറ്റി



# അനുബന്ധം 4

(അദ്ധ്യായം 8 ഖണ്ഡിക 1 കാണുക)

## അപ്പീൽ ഫീസ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04.02. 1998 - ലെ 597/എച്ച്/98/സം.തി.ക നമ്പർ സർക്കുലർ പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവയിലെ 22(2), 25(4), 26(ബി) എന്നീ ചട്ടങ്ങളനുസരിച്ച് 'വോട്ടർപട്ടികയിൽ പേര് ചേർക്കുക/നീക്കം ചെയ്യുക, ഇ.ആർ.ഒ മാരുടെ തീരുമാനത്തിന്മേലുള്ള അപ്പീൽ, ഡി.ഇ.ഒ ക്കുള്ള അപ്പീൽ എന്നിവയ്ക്കുള്ള ഫീസ് താഴെപ്പറയുന്ന ഏതെങ്കിലും ഒരു മാർഗത്തിൽ ഒടുക്കിയാൽ മതിയാകുമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

1. നോൺ-ജുഡീഷ്യൽ സ്റ്റാമ്പ് പതിക്കുക.
2. കോർട്ട് ഫീ സ്റ്റാമ്പ് പതിക്കുക.
3. ഏതെങ്കിലും സർക്കാർ ട്രഷറിയിൽ നിന്ന് ''0030-02-സ്റ്റാമ്പ്സ്-നോൺ-ജുഡീഷ്യൽ-102-സെയിൽ ഓഫ് സ്റ്റാമ്പ്സ്'' എന്ന ശീർഷകത്തിൽ ഒടുക്കിയ ശേഷം ചെലാൻ രസീത് ഹാജരാക്കുക.
4. തുക ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറുടെ ആഫീസിൽ ഒടുക്കി രസീത് വാങ്ങിക്കുക. ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ ഈ തുക ഒന്നായി സർക്കാർ ട്രഷറിയിൽ ''0070 - ഭരണപരമായ മറ്റ് സർവ്വീസുകൾ - 02 - തിരഞ്ഞെടുപ്പുകൾ - 104 - ഫീസും പിഴയും കണ്ടുകെട്ടലും - 94 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള ഫീസ്'' എന്ന ശീർഷകത്തിൽ ഒടുക്കുക.

# അനുബന്ധം 5

**(പഞ്ചായത്ത് തിരഞ്ഞെടുപ്പ് - ഫാറങ്ങൾ 3,4,5,6,7)**

## ഫാറം 3

(ചട്ടം 8 കാണുക)

**കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു കൊണ്ടുള്ള നോട്ടീസ്**

സ്വീകർത്താവ്

.................................................................................നിയോജകമണ്ഡലത്തിലെ സമ്മതിദായകർ

1994-ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ അനുസരിച്ച് വോട്ടർ പട്ടിക തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ ഒരു പകർപ്പ് പരിശോധനയ്ക്കായി ഓഫീസ് സമയത്ത് എന്റെ ഓഫീസിലും ............................ഉം ലഭ്യമാണെന്ന് ഇതിനാൽ അറിയിക്കുന്നു.

വോട്ടർപട്ടിക തയ്യാറാക്കലിന്റെ യോഗ്യതാ തീയതി............................ ആണ്.

മേൽ പരാമർശിച്ച യോഗ്യതാ തീയതിയുടെ അടിസ്ഥാനത്തിൽ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള ഏതെങ്കിലും അവകാശവാദമോ, പേര് ഉൾപ്പെടുത്തുന്നതിനോ ഉൾപ്പെടുത്തിയതിനോ എന്തെങ്കിലും ആക്ഷേപമോ ഉൾക്കുറിപ്പിലുള്ള ഏതെങ്കിലും വിശദാംശങ്ങൾക്ക് ഏതെങ്കിലും ആക്ഷേപമോ ഉൾക്കുറിപ്പിലെ വിശദാംശത്തിന്റെ സ്ഥാന മാറ്റത്തിനുള്ള അപേക്ഷയോ ഉണ്ടെങ്കിൽ, അത് 4, 5, 6, 7 എന്നീ ഫാറങ്ങളിൽ ഉചിതമായതിൽ ............................ നോ അതിനു മുമ്പോ സമർപ്പിക്കേണ്ടതാണ്.

അത്തരത്തിലുള്ള ഓരോ അവകാശവാദവും ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ആക്ഷേപവും ഉൾക്കുറിപ്പിലെ സ്ഥാനമാറ്റത്തിന് വേണ്ടിയുള്ള അപേക്ഷയും ഓൺലൈനിലൂടെ സമർപ്പിക്കേണ്ടതാണ്.

ഫാറം 5-ലുള്ള അപേക്ഷ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

സ്ഥലം : ........................................ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ

തീയതി: ........................................ (മേൽവിലാസം) ................................................



## ഫാറം 4 (ഓൺലൈൻ അപേക്ഷ)

(ചട്ടങ്ങൾ 11(1) ഉം 25 ഉം കാണുക)

**പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷ**

6 മാസത്തിനുള്ളിനുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ

സ്വീകർത്താവ്,

തിരഞ്ഞെടുപ്പ് രജിസ്ടേഷൻ ആഫീസർ

സർ,

ജില്ല [ ]

ഗ്രാമ പഞ്ചായത്ത് [ ]

നിയോജകമണ്ഡലം [ ] ഭാഗം നമ്പർ [ ]

വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെടുത്തണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

| | |
|---|---|
| പേര് (പൂർണ്ണമായി) | |
| അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് | |
| ലിംഗം | (ആൺ/പെൺ/മറ്റുള്ളവ) |
| വയസ് | |
| വീട്ടുപേര് | |
| വിട്ടു നമ്പർ | |
| തെരുവ്/സ്ഥലം | |
| തപാലാഫീസ് | |
| താലൂക്ക് | |

എന്റെ ഉത്തമമായ അറിവിലും വിശ്വാസത്തിലും:-

(i) ഞാൻ ഒരു ഭാരത പൗരനാണ്.

(ii) കഴിഞ്ഞ ജനുവരി ഒന്നാം തീയതി എന്റെ വയസ് .........വർഷവും............മാസവും ആയിരുന്നു.

(iii) ഞാൻ മുകളിൽ നൽകിയ മേൽ വിലാസത്തിൽ സാധാരണയായി താമസിക്കുന്ന ആളാണ്.

(iv) മറ്റേതെങ്കിലും വാർഡിലെ വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെടുത്താൻ ഞാൻ അപേക്ഷിച്ചിട്ടില്ല.

(v) ഈ നിയോജക മണ്ഡലത്തിലേയോ മറ്റേതെങ്കിലും നിയോജക മണ്ഡലത്തിലേയോ വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെട്ടിട്ടില്ല.

എന്ന് ഇതിനാൽ പ്രഖ്യാപിച്ച് കൊള്ളുന്നു.

**അഥവാ**

താഴെപ്പറഞ്ഞിരിക്കുന്ന മേൽവിലാസത്തിൽ ഞാൻ മുമ്പ് സാധാരണ താമസക്കാരനായിരുന്നു......................................ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷനിലെ വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടാകാം എന്നും അങ്ങനെയുണ്ടെങ്കിൽ അത് ആ വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

(മേൽ വിലാസം).................................................

.................................................................................

അവകാശവാദി ഉൾപ്പെടുത്താൻ അപേക്ഷിച്ചിട്ടുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബാംഗത്തിന്റെയോ അല്ലെങ്കിൽ തൊട്ടടുത്ത താമസക്കാരന്റെയോ ഉൾക്കുറിപ്പ് വിവരണം.

| വോട്ടർ പട്ടികയിലെ ക്രമ നമ്പർ | പേര് | ബന്ധം (കുടുംബാഗം/മറ്റുള്ളവർ |
|---|---|---|
| | | |

സ്ഥലം : .................................

തീയതി :...................................     അവകാശവാദിയുടെ ഒപ്പ് അല്ലെങ്കിൽ വിരലടയാളം

കുറിപ്പ്:- വ്യാജമെന്ന് താൻ ഒന്നുകിൽ അറിയുന്നതോ അല്ലെങ്കിൽ അപ്രകാരം വിശ്വസിക്കുന്നതോ അഥവാ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയ വ്യാജമായ പ്രസ്താവനയോ പ്രഖ്യാപനമോ നടത്തുന്ന ഏതൊരാളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 27-ാം വകുപ്പ് പ്രകാരം ശിക്ഷാർഹനാണ്.

---

**എടുത്ത നടപടി സംബന്ധിച്ച അറിയിപ്പ്**

ശ്രീ/ശ്രീമതി/കുമാരി ............................................................................................................ മേൽവിലാസം ........................................................................................................ ന്റെ 4-ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ.

എ) സ്വീകരിക്കുകയും അയാളുടെ/അവരുടെ പേര് വോട്ടർ പട്ടികയിൽ .................................... ക്രമ നമ്പർ ആയി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബി) ........................................................................................................................................ ........................................................................................ കാരണത്താൽ നിരസിച്ചിട്ടുണ്ട്.

തീയതി : ................................     തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ

................................... ഗ്രാമ പഞ്ചായത്ത്

---



# ഫാറം 5

ചട്ടം 11(2) കാണുക

**പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപം**

സ്വീകർത്താവ്

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ,

.................................................................................

(ഗ്രാമ പഞ്ചായത്തിന്റെ പേര്).

സർ,

*................................................... നിയോജക മണ്ഡലത്തിലെ ......................................... പാർട്ട് നമ്പർ വോട്ടർ പട്ടികയിൽ ................................ (പേരും മേൽ വിലാസവും)-നെ ഉൾപ്പെടുത്തുന്നതിനെ താഴെപ്പറയുന്ന കാരണത്താൽ ഞാൻ എതിർക്കുന്നു.

**അല്ലെങ്കിൽ**

*വോട്ടർ പട്ടികയിൽ.........................................നിയോജക മണ്ഡലത്തിലെ........................ പാർട്ട് നമ്പരിൽ ........................... ക്രമ നമ്പരായി ................................................................. ന്റെ പേര് ഉൾപ്പെടുത്തിയതിനെ താഴെപ്പറയുന്ന കാരണങ്ങളാൽ ഞാൻ എതിർക്കുന്നു.

..........................................................................................................................................................

മുകളിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ എന്റെ ഉത്തമമായ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഞാൻ ഇതിനാൽ പ്രഖ്യാപിക്കുന്നു.

എന്റെ പേര് ഈ നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ താഴെപ്പറയുന്ന പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.-

പൂർണ്ണമായ പേര് .....................................................................................

അച്ഛന്റെ പേര്/ഭർത്താവിന്റെ/അമ്മയുടെ പേര് ................................................

ക്രമ നമ്പർ ............................

തടസക്കാരന്റെ ഒപ്പ്/വിരലടയാളം

(പൂർണ്ണമായ തപാൽ മേൽവിലാസം)

..............................................................................

തീയതി ................................     ..............................................................................

---

എതിർക്കപ്പെടുന്നതായ പേര് ഉൾപ്പെട്ടിട്ടുള്ള വോട്ടർപട്ടികയിൽ പാർട്ട് നമ്പർ .................... ൽ .......................... ക്രമ നമ്പരായി പേര് ഉൾപ്പെടുത്തിയിട്ടുള്ള ഒരു സമ്മതിദായകനാണ് ഞാൻ. ഞാൻ ഈ ആക്ഷേപത്തെ പിൻതാങ്ങുകയും മേലൊപ്പ് വെയ്ക്കുകയും ചെയ്യുന്നു.

സമ്മതിദായകന്റെ ഒപ്പ്

പേര് (പൂർണ്ണമായി) ..........................................

കുറിപ്പ്:- വ്യാജമെന്ന് താൻ ഒന്നുകിൽ അറിയുന്നതോ അല്ലെങ്കിൽ അപ്രകാരം വിശ്വസിക്കുന്നതോ അഥവാ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയ വ്യാജമായ പ്രസ്താവനയോ പ്രഖ്യാപനമോ നടത്തുന്ന ഏതൊരാളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) 27-ാം വകുപ്പ് പ്രകാരം ശിക്ഷാർഹനാണ്.

---

**എടുത്ത നടപടി സംബന്ധിച്ച അറിയിപ്പ്**

ശ്രീ/ശ്രീമതി/കുമാരി ................................................ മേൽവിലാസം .................... ........................................................................................................ ഫോറം 5-ൽ ബോധിപ്പിച്ച ആക്ഷേപം.-

(എ) അംഗീകരിക്കുകയും പാർട്ട് നമ്പർ ................ ൽ ക്രമ നമ്പർ .............. ൽ കാണുന്ന പ്രകാരമുള്ള ശ്രീ/ശ്രീമതി/കുമാരി ........................................... ന്റെ/യുടെ പേര് നീക്കം ചെയ്തിട്ടുള്ളതുമാണ്.

(ബി) ------------------------------------------------------------------------------------------------------------
------------------------------------------ കാരണത്താൽ നിരസിച്ചു

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ,

(മേൽ വിലാസം ......................................................

..............................................................................................)

തീയതി ..............................

---

* പേര് ഉൾപ്പെടുത്തുന്നതിനെതിരെ ഒന്നാമത്തെ രീതിയിലും പേര് ഉൾപ്പെടുത്തിയതിനെതിരെ രണ്ടാമത്തെ രീതിയിലും മാത്രം പൂരിപ്പിക്കുക.

ആവശ്യമില്ലാത്തത് വെട്ടിക്കളയുക.



# ഫാറം 6 (ഓൺലൈൻ അപേക്ഷ)

(ചട്ടങ്ങൾ 11(3)ഉം ചട്ടം 25ഉം കാണുക)

## ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ആക്ഷേപം

സ്വീകർത്താവ്,

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ

സർ,

ജില്ല [ ]

ഗ്രാമ പഞ്ചായത്ത് [ ]

നിയോജക മണ്ഡലം [ ] ഭാഗം നമ്പർ [ ]

വോട്ടർപട്ടികയിൽ .................ക്രമ നമ്പരായി എന്നെ സംബന്ധിച്ച "........................ ..........................................................................................' എന്ന ഉൾക്കുറിപ്പ് ശരിയല്ല എന്ന് ബോധിപ്പിക്കുന്നു. അത് താഴെപ്പറയും പ്രകാരം തിരുത്തേണ്ടതാണ്:-

'......................................................................................................................................'

സ്ഥലം : ....................................

തീയതി: .................................... സമ്മതിദായകന്റെ ഒപ്പ് അല്ലെങ്കിൽ വിരലടയാളം

കുറിപ്പ്:- വ്യാജമെന്ന് താൻ ഒന്നുകിൽ അറിയുന്നതോ അല്ലെങ്കിൽ അപ്രകാരം വിശ്വസിക്കുന്നതോ അഥവാ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയ വ്യാജമായ പ്രസ്താവനയോ പ്രഖ്യാപനമോ നടത്തുന്ന ഏതൊരാളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 27-ാം വകുപ്പ് പ്രകാരം ശിക്ഷാർഹനാണ്.

---

**എടുത്ത നടപടി സംബന്ധിച്ച അറിയിപ്പ്**

ശ്രീ/ശ്രീമതി/കുമാരി ..................................................................... മേൽവിലാസം ........................ ...................................................... .. .ഫോറം 6-ൽ ബോധിപ്പിച്ച ആക്ഷേപം:-

എ) അംഗീകരിക്കുകയും പ്രസക്തമായ ഉൾക്കുറിപ്പ് താഴെപ്പറയും പ്രകാരം തിരുത്തിവായിക്കേണ്ടതുമാണ്.

'........................................................... ............... .........'

ബി) ................................................................................... കാരണത്താൽ നിരസിക്കുന്നു.

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ,

(മേൽവിലാസം) ..............................................

തീയതി : ........................................

## ഫാറം 7 (ഓൺലൈൻ അപേക്ഷ)

(ചട്ടങ്ങൾ 11(4) ഉം 25 ഉം കാണുക)

### വോട്ടർപട്ടികയിലെ ഉൾക്കുറിപ്പിന്റെ സ്ഥാന മാറ്റത്തിന് വേണ്ടിയുള്ള അപേക്ഷ

സ്വീകർത്താവ്,

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ

സർ,

ജില്ല [ ]

ഗ്രാമ പഞ്ചായത്ത് [ ]

നിയോജക മണ്ഡലം [ ] ഭാഗം നമ്പർ [ ]

വോട്ടർപട്ടികയിലെ ക്രമ നമ്പർ [ ] -ൽ എന്നെ സംബന്ധിച്ച ഉൾക്കുറിപ്പുകൾ ................................................ നിയോജകമണ്ഡലത്തിലെ [ ] പാർട്ട്-ൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ സാധാരണ താമസം ഈ പഞ്ചായത്തിലെ...................................................നിയോജക മണ്ഡലത്തിലെ [ ] പാർട്ട് -ൽ മാറ്റിയിട്ടുള്ളതാകുന്നു.

സ്ഥലം : ........................................ സമ്മതിദായകന്റെ ഒപ്പ് അല്ലെങ്കിൽ വിരലടയാളം

തീയതി: ........................................ (പൂർണ്ണമായ മേൽവിലാസം)...............................................

.......................................................................................................

.......................................................................................................

കുറിപ്പ്:- വ്യാജമെന്ന് താൻ ഒന്നുകിൽ അറിയുന്നതോ അല്ലെങ്കിൽ അപ്രകാരം വിശ്വസിക്കുന്നതോ അഥവാ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയ വ്യാജമായ പ്രസ്താവനയോ പ്രഖ്യാപനമോ നടത്തുന്ന ഏതൊരാളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 27-ാം വകുപ്പ് പ്രകാരം ശിക്ഷാർഹനാണ്.

---

### എടുത്ത നടപടി സംബന്ധിച്ച അറിയിപ്പ്

ശ്രീ/ശ്രീമതി/കുമാരി............................................................................................................... മേൽവിലാസം ....................................................................................................................................... ഫോറം 7-ൽ ബോധിപ്പിച്ച അപേക്ഷ:-

എ) അംഗീകരിക്കുകയും ശ്രീ/ശ്രീമതി/കുമാരി ........................................................................ ന്റെ/യുടെ പേര് നിയോജക മണ്ഡലം ............................................................................ പാർട്ട് നമ്പർ..............ലേക്ക് സ്ഥാനം മാറ്റിയിട്ടുള്ളതുമാകുന്നു.

ബി) ........................................................................................................ കാരണത്താൽ നിരസിച്ചിരിക്കുന്നു.

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ,

തീയതി : ........................................ (മേൽവിലാസം) ......................................................



# അനുബന്ധം 6

(മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് - ഫാറങ്ങൾ 3,4,5,6,7)

## ഫാറം 3

(ചട്ടം 8 കാണുക)

### കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു കൊണ്ടുള്ള നോട്ടീസ്

സ്വീകർത്താവ്

.......................................................................................................................വാർഡിലെ സമ്മതിദായകർ

1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ അനുസരിച്ച് വോട്ടർ പട്ടിക തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ ഒരു പകർപ്പ് പരിശോധനയ്ക്കായി ഓഫീസ് സമയത്ത് എന്റെ ഓഫീസിലും ...........................ഉം ലഭ്യമാണെന്ന് ഇതിനാൽ അറിയിക്കുന്നു.

വോട്ടർപട്ടിക തയ്യാറാക്കലിന്റെ യോഗ്യതാ തീയതി............................ ആണ്.

മേൽ പരാമർശിച്ച യോഗ്യതാ തീയതിയുടെ അടിസ്ഥാനത്തിൽ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള ഏതെങ്കിലും അവകാശവാദമോ, പേര് ഉൾപ്പെടുത്തുന്നതിനോ ഉൾപ്പെടുത്തിയതിനോ എന്തെങ്കിലും ആക്ഷേപമോ ഉൾക്കുറിപ്പിലുള്ള ഏതെങ്കിലും വിശദാംശങ്ങൾക്ക് ഏതെങ്കിലും ആക്ഷേപമോ ഉൾക്കുറിപ്പിലെ വിശദാംശത്തിന്റെ സ്ഥാന മാറ്റത്തിനുള്ള അപേക്ഷയോ ഉണ്ടെങ്കിൽ, അത് 4, 5, 6, 7 എന്നീ ഫാറങ്ങളിൽ ഉചിതമായതിൽ ............................ നോ അതിനു മുമ്പോ സമർപ്പിക്കേണ്ടതാണ്.

അത്തരത്തിലുള്ള ഓരോ അവകാശവാദവും ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ആക്ഷേപവും ഉൾക്കുറിപ്പിലെ സ്ഥാനമാറ്റത്തിന് വേണ്ടിയുള്ള അപേക്ഷയും ഓൺലൈനിലൂടെ സമർപ്പിക്കേണ്ടതാണ്.

ഫാറം 5-ലുള്ള അപേക്ഷ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

സ്ഥലം : ........................................ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ

തീയതി: ........................................ (മേൽവിലാസം) ........................................................

...................................................................................................

## ഫാറം 4 (ഓൺലൈൻ അപേക്ഷ)

(ചട്ടങ്ങൾ 11(1) ഉം 25 ഉം കാണുക)

### പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷ

സ്വീകർത്താവ്,

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ

സർ,

6 മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ

ജില്ല ____

മുനിസിപ്പാലിറ്റി ____

വാർഡ് ____ ഭാഗം നമ്പർ ____

വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെടുത്തണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

| | |
|---|---|
| പേര് (പൂർണ്ണമായി) | |
| അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് | |
| ലിംഗം | (ആൺ/പെൺ/മറ്റുള്ളവ) |
| വയസ് | |
| വീട്ടുപേര് | |
| വീട്ടു നമ്പർ | |
| തെരുവ്/സ്ഥലം | |
| തപാലാഫീസ് | |
| താലൂക്ക് | |

എന്റെ ഉത്തമമായ അറിവിലും വിശ്വാസത്തിലും:-

(i) ഞാൻ ഒരു ഭാരത പൗരനാണ്.

(ii) കഴിഞ്ഞ ജനുവരി ഒന്നാം തീയതി എന്റെ വയസ് .........വർഷവും............മാസവും ആയിരുന്നു.

(iii) ഞാൻ മുകളിൽ നൽകിയ മേൽ വിലാസത്തിൽ സാധാരണയായി താമസിക്കുന്ന ആളാണ്.

(iv) മറ്റേതെങ്കിലും വാർഡിലെ വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെടുത്താൻ ഞാൻ അപേക്ഷിച്ചിട്ടില്ല.

(v) ഈ വാർഡിലേയോ മറ്റേതെങ്കിലും വാർഡിലേയോ വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെട്ടിട്ടില്ല.

എന്ന് ഇതിനാൽ പ്രഖ്യാപിച്ച് കൊള്ളുന്നു.



**അഥവാ**

താഴെപ്പറഞ്ഞിരിക്കുന്ന മേൽവിലാസത്തിൽ ഞാൻ മുമ്പ് സാധാരണ താമസക്കാരനായിരുന്നു.....................................ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷനിലെ വോട്ടർ പട്ടികയിൽ എന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടാകാം എന്നും അങ്ങനെയുണ്ടെങ്കിൽ അത് ആ വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

(മേൽ വിലാസം)...............................................

...............................................................................

അവകാശവാദി ഉൾപ്പെടുത്താൻ അപേക്ഷിച്ചിട്ടുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബാംഗത്തിന്റെയോ അല്ലെങ്കിൽ തൊട്ടടുത്ത താമസക്കാരന്റെയോ ഉൾക്കുറിപ്പ് വിവരണം.

| വോട്ടർ പട്ടികയിലെ ക്രമ നമ്പർ | പേര് | ബന്ധം (കുടുംബാഗം/മറ്റുള്ളവർ |
|---|---|---|
| | | |

സ്ഥലം : ................................

തീയതി :.................................. അവകാശവാദിയുടെ ഒപ്പ് അല്ലെങ്കിൽ വിരലടയാളം

കുറിപ്പ്:- വ്യാജമെന്ന് താൻ ഒന്നുകിൽ അറിയുന്നതോ അല്ലെങ്കിൽ അപ്രകാരം വിശ്വസിക്കുന്നതോ അഥവാ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയ വ്യാജമായ പ്രസ്താവനയോ പ്രഖ്യാപനമോ നടത്തുന്ന ഏതൊരാളും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 84-ാം വകുപ്പ് പ്രകാരം ശിക്ഷാർഹനാണ്.

---

### എടുത്ത നടപടി സംബന്ധിച്ച അറിയിപ്പ്

ശ്രീ/ശ്രീമതി/കുമാരി .................................................................................................... മേൽവിലാസം ..................................................................................................... ന്റെ 4-ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ.

എ) സ്വീകരിക്കുകയും അയാളുടെ/അവരുടെ പേര് വോട്ടർ പട്ടികയിൽ ..................... ക്രമ നമ്പർ ആയി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബി) ................................................................................................................................. ..................................................................................... കാരണത്താൽ നിരസിച്ചിട്ടുണ്ട്.

തീയതി : ..............................

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ

(മേൽവിലാസം).............................................

# ഫാറം 5

### ചട്ടം 11(2) കാണുക

### പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപം

സ്വീകർത്താവ്

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ,

.................................................................................

(മുനിസിപ്പാലിറ്റിയുടെ പേര്).

സർ,

*.................................................... വാർഡിലെ .......................................... പാർട്ട് നമ്പർ വോട്ടർ പട്ടികയിൽ ................................ (പേരും മേൽ വിലാസവും)-നെ ഉൾപ്പെടുത്തുന്നതിനെ താഴെപ്പറയുന്ന കാരണത്താൽ ഞാൻ എതിർക്കുന്നു.

**അല്ലെങ്കിൽ**

*വോട്ടർ പട്ടികയിൽ.......................................വാർഡിലെ...................... പാർട്ട് നമ്പരിൽ .......................... ക്രമ നമ്പരായി ................................................................ ന്റെ പേര് ഉൾപ്പെടുത്തിയതിനെ താഴെപ്പറയുന്ന കാരണങ്ങളാൽ ഞാൻ എതിർക്കുന്നു.

..................................................................................................................................................................................................

മുകളിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ എന്റെ ഉത്തമമായ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഞാൻ ഇതിനാൽ പ്രഖ്യാപിക്കുന്നു.

എന്റെ പേര് ഈ വാർഡിലെ വോട്ടർ പട്ടികയിൽ താഴെപ്പറയുന്ന പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.-

പൂർണ്ണമായ പേര് .....................................................................................

അച്ഛന്റെ പേര്/ഭർത്താവിന്റെ/അമ്മയുടെ പേര് ................................................

ക്രമ നമ്പർ ..........................

തടസക്കാരന്റെ ഒപ്പ്/വിരലടയാളം

(പൂർണ്ണമായ തപാൽ മേൽവിലാസം)

..............................................................................

തീയതി ................................ ..............................................................................

------------------------------------------------------------------------------------

എതിർക്കപ്പെടുന്നതായ പേര് ഉൾപ്പെട്ടിട്ടുള്ള വോട്ടർ പട്ടികയിൽ പാർട്ട് നമ്പർ ....................... ൽ ............................ ക്രമ നമ്പരായി പേര് ഉൾപ്പെടുത്തിയിട്ടുള്ള ഒരു സമ്മതിദായകനാണ് ഞാൻ. ഞാൻ ഈ ആക്ഷേപത്തെ പിൻതാങ്ങുകയും മേലൊപ്പ് വെയ്ക്കുകയും ചെയ്യുന്നു.

.................................................................................

സമ്മതിദായകന്റെ ഒപ്പ്

പേര് (പൂർണ്ണമായി) ..........................................



കുറിപ്പ്:- വ്യാജമെന്ന് താൻ ഒന്നുകിൽ അറിയുന്നതോ അല്ലെങ്കിൽ അപ്രകാരം വിശ്വസിക്കുന്നതോ അഥവാ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയ വ്യാജമായ പ്രസ്താവനയോ പ്രഖ്യാപനമോ നടത്തുന്ന ഏതൊരാളും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 84-ാം വകുപ്പ് പ്രകാരം ശിക്ഷാർഹനാണ്.

------------------------------------സൂഷിരങ്ങൾ------------------------------------

### എടുത്ത നടപടി സംബന്ധിച്ച അറിയിപ്പ്

ശ്രീ/ശ്രീമതി/കുമാരി ................................................ മേൽവിലാസം .................... ................................................................................................................................................ ഫോറം 5-ൽ ബോധിപ്പിച്ച ആക്ഷേപം.-

(എ) അംഗീകരിക്കുകയും പാർട്ട് നമ്പർ .................. ൽ ക്രമനമ്പർ ................ ൽ കാണുന്ന പ്രകാരമുള്ള ശ്രീ/ശ്രീമതി/കുമാരി ............................................................ ന്റെ/യുടെ പേര് നീക്കം ചെയ്തിട്ടുള്ളതുമാണ്.

(ബി) ----------------------------------------------------------------------------

---------------------------------- കാരണത്താൽ നിരസിച്ചു

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ,

(മേൽ വിലാസം .......................................................

..................................................................................)

തീയതി ..............................

------------------------------------------------------------------------------------

* പേര് ഉൾപ്പെടുത്തുന്നതിനെതിരെ ഒന്നാമത്തെ രീതിയിലും പേര് ഉൾപ്പെടുത്തിയതിനെതിരെ രണ്ടാമത്തെ രീതിയിലും മാത്രം പൂരിപ്പിക്കുക.

ആവശ്യമില്ലാത്തത് വെട്ടിക്കളയുക.

## ഫാറം 6 (ഓൺലൈൻ അപേക്ഷ)

(ചട്ടങ്ങൾ 11(3)ഉം ചട്ടം 25ഉം കാണുക)

### ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ആക്ഷേപം

സ്വീകർത്താവ്,

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ

സർ,

ജില്ല [ ]

മുനിസിപ്പാലിറ്റി [ ]

വാർഡ് [ ] ഭാഗം നമ്പർ [ ]

വോട്ടർപട്ടികയിൽ ..................ക്രമ നമ്പരായി എന്നെ സംബന്ധിച്ച '........................ ........................ ........................................................................' എന്ന ഉൾക്കുറിപ്പ് ശരിയല്ല എന്ന് ബോധിപ്പിക്കുന്നു. അത് താഴെ പ്പറയും പ്രകാരം തിരുത്തേണ്ടതാണ്:-

'..............................................................................................................'

സ്ഥലം : ........................................

തീയതി: ........................................ സമ്മതിദായകന്റെ ഒപ്പ് അല്ലെങ്കിൽ വിരലടയാളം

കുറിപ്പ്:- വ്യാജമെന്ന് താൻ ഒന്നുകിൽ അറിയുന്നതോ അല്ലെങ്കിൽ അപ്രകാരം വിശ്വസി ക്കുന്നതോ അഥവാ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയ വ്യാജമായ പ്രസ്താവനയോ പ്രഖ്യാപനമോ നടത്തുന്ന ഏതൊരാളും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 84-ാം വകുപ്പ് പ്രകാരം ശിക്ഷാർഹനാണ്.

എടുത്ത നടപടി സംബന്ധിച്ച അറിയിപ്പ്

ശ്രീ/ശ്രീമതി/കുമാരി ................................................................................................ മേൽവിലാസം

.................................................................................................................................................. .

ഫോറം 6-ൽ ബോധിപ്പിച്ച ആക്ഷേപം:-

എ) അംഗീകരിക്കുകയും പ്രസക്തമായ ഉൾക്കുറിപ്പ് താഴെപ്പറയും പ്രകാരം തിരുത്തി വായിക്കേണ്ടതുമാണ്.

'..............................................................................................................'

ബി) ..................................................................................................................................

കാരണത്താൽ നിരസിക്കുന്നു.

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ,

(മേൽവിലാസം)....................................................

തീയതി: ........................................ ....................................................................

---



## ഫാറം 7 (ഓൺലൈൻ അപേക്ഷ)

(ചട്ടങ്ങൾ 11(4) ഉം 25 ഉം കാണുക)

### വോട്ടർപട്ടികയിലെ ഉൾക്കുറിപ്പിന്റെ സ്ഥാന മാറ്റത്തിന് വേണ്ടിയുള്ള അപേക്ഷ

സ്വീകർത്താവ്,

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ

സർ,

ജില്ല [ ]

മുനിസിപ്പാലിറ്റി [ ]

വാർഡ് [ ] ഭാഗം നമ്പർ [ ]

വോട്ടർപട്ടികയിലെ ക്രമ നമ്പർ [ ] -ൽ എന്നെ സംബന്ധിച്ച ഉൾക്കുറിപ്പുകൾ ............... .......... ................ ............ വാർഡിലെ [ ] പാർട്ട്-ൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷി ക്കുന്നു. എന്തു കൊണ്ടെന്നാൽ ഞാൻ എന്റെ സാധാരണ താമസം ഈ മുനിസിപ്പാലി റ്റിയിലെ ............................................................ വാർഡിലെ [ ] പാർട്ട്-ൽ മാറ്റിയിട്ടുള്ളതാകുന്നു.

സ്ഥലം : ........................................ സമ്മതിദായകന്റെ ഒപ്പ് അല്ലെങ്കിൽ വിരലടയാളം

തീയതി: ........................................ (പൂർണ്ണമായ മേൽവിലാസം)..........................................

..........................................................................................

..........................................................................................

കുറിപ്പ്:- വ്യാജമെന്ന് താൻ ഒന്നുകിൽ അറിയുന്നതോ അല്ലെങ്കിൽ അപ്രകാരം വിശ്വസി ക്കുന്നതോ അഥവാ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയ വ്യാജമായ പ്രസ്താവനയോ പ്രഖ്യാപനമോ നടത്തുന്ന ഏതൊരാളും 1994-ലെ കേരള മുനി സിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 84-ാം വകുപ്പ് പ്രകാരം ശിക്ഷാർഹനാണ്.

---

**എടുത്ത നടപടി സംബന്ധിച്ച അറിയിപ്പ്**

ശ്രീ/ശ്രീമതി/കുമാരി.............................................................................................................. മേൽവിലാസം

.................................................................................................................. ഫോറം 7-ൽ ബോധിപ്പിച്ച അപേക്ഷ:-

എ) അംഗീകരിക്കുകയും ശ്രീ/ശ്രീമതി/കുമാരി ........................................................................ ന്റെ/യുടെ പേര് വാർഡ്........................................................................................ പാർട്ട് നമ്പർ..............ലേക്ക് സ്ഥാനം മാറ്റിയിട്ടുള്ളതുമാകുന്നു.

ബി) .......................................................................................................... കാരണത്താൽ നിരസിച്ചിരിക്കുന്നു.

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ,

തീയതി : ........................................ (മേൽവിലാസം)....................................................

---